Vol.XXVII,No.4 April 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

PROCLAIMING GOD'S GRACE TO THE WORLD

A Publication of Grace Ministries of India

# സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം! പൗലൊസിന്റെ ദർശനം നമുക്കും ഏറ്റെടുക്കാം : തോമസ് മാത്യു

- സ്വന്തം ലേഖകൻ

**കാ**ട്ടാക്കട : "സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം" എന്ന പൗലൊസിന്റെ ദർശനം ഓരോ ക്രൈസ്തവനും, ക്രിസ്തുവിനെ അറിഞ്ഞവനും ഏറ്റെടുക്കണം എന്ന് ഐ.ജി.എം. പ്രസിഡന്റ് ബ്രദർ. തോമസ് മാത്യു പറഞ്ഞു. ക്രിസ്തുകൃപ ആശ്രമത്തിൽ നടന്ന രണ്ടാം ശനിയാഴ്ച യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നൂറ്റമ്പതോളം മിഷണറിമാരെ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ അയച്ചു പ്രവർത്തനം നടത്തുന്ന ഒരു സംഘടനയാണ് ഇന്ത്യാ ഗോസ്പൽ മൂവ്മെന്റ് (ഐ.ജി.എം). തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ മിഷണറി സംഘടന മുഖേന അനേകം പേർ ഇന്നാളുകളിലായി കർത്താവിങ്കലേക്കു വരുവാൻ ഇടയായിട്ടുണ്ട്. കുവൈറ്റിലെ ക്യാമ്പുകളിൽ സുവിശേഷം അറിയിക്കാനായി 1987 -ൽ തുടങ്ങിയ ഒരു പ്രവർത്തനമാണിത്. ഒടുവിൽ കുവൈറ്റിലെ ചില ദൈവദാസന്മാർക്ക് നൽകിയ ദൈവീകാലോചനയാൽ ഇന്ത്യയിലും മിഷണറിമാരെ അയക്കുവാൻ തുടങ്ങി. 1994 -ൽ ഐ.ജി.എം. കൺവെൻഷനിൽ പ്രസംഗിക്കുവാൻ ബ്രദർ. ഡി.ജെ.അജിത്കുമാർ ക്ഷണിക്കപ്പെട്ടു. അപ്പോൾ ആണ് മൊബൈൽ ടെന്റ് മിനിസ്ട്രിയെക്കുറിച്ചുള്ള ദർശനം അദ്ദേഹം ഐ.ജി.എം. പ്രവർത്തകരോട് പങ്കുവെച്ചതും, ടെന്റ് മിനിസ്ട്രിയുടെ പ്രവർത്തനത്തിനായി സഹായം ലഭിച്ചതും. ഇന്ന് ഐ.ജി.എം. സ്തുത്യർഹമായ പ്രവർത്തനം ഇന്ത്യാ സുവിശേഷീകരണത്തിനായി ചെയ്തുകൊണ്ടിരിക്കുന്നു. ഗുജറാത്തിലെ ഐ.ജി.എം പ്രവർത്തനങ്ങൾ ശക്തമായി മുന്നേറുന്നതായി ബ്രദർ. തോമസ് മാത്യു പറഞ്ഞു. ഗുജറാത്തിൽ പ്രതികൂലങ്ങളുടെ നടുവിലും അനേകർ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടുകൊണ്ടിരിക്കുന്നതായി അദ്ദേഹം അറിയിച്ചു.



**ദൗത്യം ഏറ്റെടുക്കാം:** *ഐ.ജി.എം. പ്രസിഡന്റ് ബ്രദർ. തോമസ് മാത്യു ക്രിസ്തുകൃപ ആശ്രമത്തിൽ നടന്ന രണ്ടാം ശനിയാഴ്ച യോഗത്തിൽ പ്രസംഗിക്കുന്നു.*

സുവിശേഷീകരണം ഓരോ ക്രൈസ്തവന്റേയും ദൗത്യമാണ്. രക്ഷിക്കപ്പെട്ടു കൂട്ടായ്മയിൽ വന്നതുകൊണ്ട് മാത്രമായില്ല. അവർ കർത്താവിനെ അറിയിക്കാൻ പുറപ്പെടണം. കൊയ്ത്ത് വളരെയുണ്ട്, വേലക്കാരോ ചുരുക്കം. വേലക്കാർ അധികമായി ഉണ്ടാകട്ടെ എന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു.

അദ്ദേഹത്തിന്റെ ആശ്രമ സന്ദർശനവും സന്ദേശവും അനേകർക്കു അനുഗ്രഹമായിരുന്നു. സുവിശേഷവേലയുടെ അത്യാവശ്യകതയെ ഒരിക്കൽ കൂടെ ഓർപ്പിക്കുന്നതായിരുന്നു ഈ സന്ദേശം. ഇന്ത്യാ ഗോസ്പൽ മൂവ്മെന്റിനായും, അവരുടെ മിഷണറി വേലക്കായും ബ്രദർ. തോമസ് മാത്യുവിനായും നമുക്കു പ്രാർത്ഥിക്കാം.

# പിതാവിനെ അറിഞ്ഞ് അപേക്ഷ അർപ്പിക്കാൻ പരിശീലിപ്പിച്ച നിലമ്പൂർ കൺവെൻഷൻ

**ഈ** ലോക ജീവിതത്തിൽ സമ്പൂർണ്ണ വിജയം കൈവരിച്ച് നിത്യതയുടെ വരദാനവും ഏറ്റു വാങ്ങുവാൻ മാനവ ജനതയ്ക്ക് കഴിയുന്നത് അത്യുന്നത പിതാവിനോടുള്ള നിരന്തരമായ പ്രാർത്ഥനയിലൂടെയാണ്. എന്നാൽ ഈ പ്രാർത്ഥന കുറ്റമറ്റതായി സമർപ്പിക്കുവാൻ കഴിയുന്നത് അവിടുത്തെ പുത്രൻ നമ്മെ അത് പഠിപ്പിച്ചിട്ടുള്ളതു കൊണ്ടാണ്. എന്നാൽ കർത്താവ് പഠിപ്പിച്ച ഈ പ്രാർത്ഥന ലോകം മുഴുവനുമുള്ള ക്രൈസ്തവ ജനത ഉച്ചരിക്കുമ്പോഴും അതിന്റെ യഥാർത്ഥ ആഴം ഉൾക്കൊള്ളാതെയാകയാൽ അത് ഫലവത്തായി തീരാതെ പോകുന്നു.

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയുടെ ആഴങ്ങളിലേക്ക് നടത്തി





*മലപ്പുറം ജില്ലയിലെ നിലമ്പൂർ സി.എസ്.ഐ ചർച്ച് ഗ്രൗണ്ടിൽ സഹോ. ഡി.ജെ. അജിത്കുമാർ പ്രഭാഷണം നടത്തുന്നു.*

അതിന്റെ ഉൾകാഴ്ച ഏറ്റു വാങ്ങുവാൻ ജനത്തിന് വഴി തുറന്നു കൊണ്ട് ദൈവ നിയോഗത്താൽ സഹോ. ഡി.ജെ. അജിത്കുമാർ ഈ നാളുകളിൽ നടത്തുന്ന പ്രഭാഷണ പരമ്പര മലപ്പുറം ജില്ലയിലും ഉണർവ്വ് പകർന്നു കൊണ്ട് നടത്തപ്പെട്ടു. 2011 ഫെബ്രുവരി 25, 26, 27 ദിവങ്ങളിൽ നിലമ്പൂർ സി.എസ്.ഐ ചർച്ച് ഗ്രൗണ്ടിൽ നടത്തപ്പെട്ട സുവിശേഷ മഹായോഗങ്ങൾ സഭാവ്യത്യാസമില്ലാതെ അനേക സുവിശേഷ പ്രവർത്തകർക്കും ജനങ്ങൾക്കും ഒരുപോലെ അനുഗ്രഹകരമായി തീർന്നു. ജി.എം.ഐയുടെ മൊബൈൽ ടെന്റ് യൂണിറ്റ് പങ്കെടുത്ത കേരളത്തിലെ അവസാന യോഗവുമായിരുന്നു ഇത്.

# ആന്ധ്രാപ്രദേശിലെ ഗ്രാമങ്ങളിൽ പകരപ്പെടുന്ന അളവറ്റ ദൈവകൃപ

*- മിഷൻ ന്യൂസ് ബ്യൂറോ*

ആന്ധ്രപ്രദേശിലെ ജി.എം.ഐ. മിഷണറിമാർ ഗ്രാമങ്ങളിൽ കടന്നു ചെന്ന് ഭവനസന്ദർശനം, ലഘുലേഖകളുടെയും സുവിശേഷപ്രതികളുടെയും വിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ദൈവരാജ്യ വിസ്തൃയ്ക്കായി അദ്ധ്വാനിക്കുന്നു. നോർത്ത് ഈസ്റ്റ് മിഷൻ ഡയറക്ടർ സഹോ. രമേഷ് പോൾ ആന്ധ്രാപ്രദേശിലെ മിഷണറി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ചുമതലയും നിർവ്വഹിക്കുന്നു. വാറംഗൽ ഡിവൈൻ ഗ്രെയ്സ് ചർച്ചിലെ കൂട്ടായ്മകൾ സഹോ. രമേഷ് പോളിന്റെ നേതൃത്വത്തിൽ അനുഗ്രഹപ്രദമായി നടന്നു വരുന്നു.

### മിഷണറിയുടെ കുഞ്ഞിന് അത്ഭുതരോഗസൗഖ്യം

വാറംഗൽ ജില്ലയിലെ നിസാംപള്ളിയിലും സമീപ ഗ്രാമങ്ങളിലും പ്രവർത്തിക്കുന്ന സഹോ. സുരേഷ് പോളിന്റെ മകൾ ബ്ലെസ്സിക്ക് ന്യൂമോണിയ ആയിരുന്നു. വളരെ അപകടകരമായ സ്ഥിതിയാണെന്ന് ഡോക്ടർമാർ പറഞ്ഞു. കുടുംബമായി ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ കർത്താവ് കുഞ്ഞിന് അത്ഭുത സൗഖ്യം നൽകി. കൊനാറാവുപേട്ടയിലെ സ്വരൂപ, മഹാദേവ് എന്നീ വ്യക്തികൾക്ക് പ്രാർത്ഥനയിലൂടെ ലഭിച്ച രോഗസൗഖ്യം അവരുടെ രക്ഷാനിർണ്ണയത്തിനും കാരണമായി.

### വിശ്വാസമാർഗ്ഗത്തിലേക്ക്

ആന്ധ്രാപ്രദേശിലെ വികരാബാദ് ജില്ലയിലാണ് സഹോ. ശാലേം രാജു പ്രവർത്തിക്കുന്നത്. തന്റെ പ്രവർത്തനത്തിലൂടെ വികരാബാദിലെ സുരേഷ്; കൊത്തരപ്പള്ളിയിലെ രാമു, സുശീല എന്നീ വ്യക്തികൾ കർത്താവായ യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിന് ഉത്സുകനായ താൻ 8 സ്ഥലങ്ങളിൽ അത്തരം യോഗങ്ങൾ നടത്തി.

### രോഗസൗഖ്യത്തിന്റെ അത്ഭുത സാക്ഷ്യങ്ങൾ

ഡുബ്ബഗുഡം ഗ്രാമത്തിലെ രാംബാബു എന്ന വ്യക്തി പനിബാധിച്ച് 20 ദിവസം കിടപ്പിലായിരുന്നു. നമ്മുടെ മിഷണറി സഹോ. ബി. പ്രകാശ്ബാബു ആ ഭവനത്തിൽ കടന്നുപോയി ആ സഹോദരനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ കർത്താവ് അത്ഭുത സൗഖ്യം നൽകി.

നാരായണപുരം ഗ്രാമത്തിലെ മേരിയമ്മ എന്ന സഹോദരിയ്ക്ക് കണ്ണിനു മുകളിൽ ഒരു മുഴവന്ന് വളരെ ഭാരപ്പെട്ടു. കൂട്ടായ്മയിലെ വിശ്വാസികളെല്ലാവരും ചേർന്ന് ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ അത് പൂർണ്ണമായും ഭേദപ്പെടുവാനിടയായിത്തീർന്നു. പെദ്ധതംഡാ ഗ്രാമത്തിലെ ലക്ഷ്മി; നാരായണപുരം ഗ്രാമത്തിലെ വെങ്കടമ്മ എന്നീ വ്യക്തികൾക്ക് പ്രാർത്ഥനയുടെ ഫലമായി രോഗസൗഖ്യം ലഭിച്ചു. ഗുൺറാത്തി മദ്ധുഗിലെ താൽമേൽ എന്ന വ്യക്തി ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേർന്നു.

### പാലകുർത്തിയിൽ മുടങ്ങിപ്പോയിരുന്ന ഞായർ കൂട്ടായ്മ പുനരാരംഭിച്ചു.

സഹോ. ഇ. സുരേഷിന്റെ നേതൃത്വത്തിൽ വാറംഗൽ ജില്ലയിലെ പാലകുർത്തിയിൽ നടന്നു വന്നിരുന്ന ആരാധന അനുയോജ്യമായ സ്ഥലം ഇല്ലാതിരുന്നതുകൊണ്ട് മുടങ്ങിപ്പോയിരുന്നു. എന്നാൽ കൂട്ടായ്മ നടത്തുവാൻ ഒരു സ്വകാര്യ വിദ്യാലയം ലഭിക്കുകയും ആരാധന പുനരാരംഭിക്കുകയും ചെയ്തു. പ്രവൃത്തി ദിവസങ്ങളിൽ ആ വിദ്യാലയത്തിലെ വിദ്യാർത്ഥികളോട് സുവിശേഷം അറിയിച്ചത് രാജു, നരേഷ്, ശോഭൻ ബാബു എന്നിവരുടെ മാനസാന്തരത്തിന് കാരണമായി.

### സുവിശേഷത്തിനായി പുതിയ വാതിലുകൾ തുറക്കപ്പെടുന്നു

വാറംഗൽ ജില്ലയിലെ തെഗുല ഗൂഢം ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന സഹോ. ടി. എബ്രഹാം മട്ടിയാവാഡ ഗ്രാമത്തിൽ നടത്തിയ പുതിയ പ്രവർത്തനത്തിലൂടെ 2 കുടുംബങ്ങളിൽ നിന്നുള്ള നാല് വ്യക്തികൾ രക്ഷിക്കപ്പെടുവാനും സ്നാനപ്പെടുവാനും കർത്താവ് സഹായിച്ചു. തെഗുല ഗൂഢം ഗ്രാമത്തിലെ ഗുമ്മഡി വിജേന്ദർ എന്ന വ്യക്തിയുടെ ഭാര്യ സുമലത ഒരു രാത്രി മുഴുവനും കഠിനമായ വയറുവേദനയാൽ ഭാരപ്പെട്ടു. രാവിലെ 5 മണിക്ക് സഹോ. ടി. എബ്രഹാം ആ ഭവനത്തിൽ കടന്നുപോയി പ്രാർത്ഥിക്കുകയും ദൈവം അത്ഭുതകരമായി വിടുവിക്കുകയും ചെയ്തു. ബുർക്ക ലച്ചമ്മ എന്ന സഹോദരിയ്ക്കും പ്രാർത്ഥനയിലൂടെ രോഗസൗഖ്യം ലഭിച്ചു.

ആന്ധ്രപ്രദേശിലെ ജി.എം.ഐ. മിഷണറിമാരുടെ പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കാം. തുടർന്നും ആത്മാർത്ഥതയോടെ തങ്ങളുടെ ശുശ്രൂഷകൾ നിറവേറ്റുന്നതിനാവശ്യമായ ദൈവ കൃപ വ്യാപരിക്കേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

## ക്രിസ്തുവിന്റെ അത്ഭുത സാക്ഷിയായി

ഉത്തർ പ്രദേശിലെ ബാന്ദ ജില്ലയിലെ മഹുവാ ഗ്രാമത്തിലെ ശിവകുമാരി എന്ന സഹോദരി ടൈഫോയ്ഡ് രോഗത്താൽ ബാധിതയായി ഭവനത്തിൽ കഴിയുകയായിരുന്നു. ഒരു ദിവസം നമ്മുടെ മിഷണറി സഹോദരൻ രാംരത്തൻ ആ ഭവനം സന്ദർശിക്കുവാനിടയായി. ആ സഹോദരി തന്റെ രോഗവസ്ഥയെക്കുറിച്ച് പ്രിയ സഹോദരനോട് പറഞ്ഞു. സഹോദരൻ രാംരത്തൻ യേശുവിലൂടെയുള്ള രക്ഷയെക്കുറിച്ച് വിവരിച്ച ശേഷം ആ സഹോദരിയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. 15 ദിവസത്തിനുശേഷം പൂർണ്ണവിടുതൽ പ്രാപിച്ച ആ സഹോദരി താൻ ആരാധിച്ചിരുന്ന വിഗ്രഹങ്ങളെ ഉപേക്ഷിച്ച് യേശുവിനെ പിൻഗമിച്ചു. ഇപ്പോൾ തന്റെ അത്ഭുത സൗഖ്യത്തിന്റെ സാക്ഷ്യം ഉത്സാഹത്തോടെ അനേകരുമായി പങ്കുവയ്ക്കുന്നു. ഉത്തർ പ്രദേശിലെ ബാന്ദ ജില്ലയിലെ ഖുറാഹണ്ട് ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. രാംരത്തന്റെ പ്രവർത്തനത്തിലൂടെ ഖുറാഹണ്ട് ഗ്രാമത്തിലെ രാംകൃപാൽ ഡിംവാഹി ഗ്രാമത്തിലെ മോഹൻ, ഗൊർലാൽ, രാംകരൺ ജംരേഹി ഗ്രാമത്തിലെ ദേവിദി, രബീന്ദ്രകുമാർ വർമ്മ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുന്നു. സഹോ. രാംരത്തന്റെ ശുശ്രൂഷയിലൂടെ വിശ്വാസത്തിലേക്ക് കടന്നുവന്നവരുടെ ആത്മീക വളർച്ചയ്ക്കായും തന്റെ ശുശ്രൂഷയിലൂടെ ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ ഇനിയും വെളിപ്പെടേണ്ടതിനായും നമുക്ക് പ്രാർത്ഥിക്കാം.

## കൂട്ടായ്മകളിൽ അത്ഭുത രോഗസൗഖ്യം

ഉത്തർപ്രദേശിലെ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായ സഹോ. എച്ച്. ബി.ജോൺ തന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന മിഷണറിമാരുടെ പ്രവർത്തനമേഖലകൾ സന്ദരിശിച്ച് അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു പുറമെ 7 ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളും നടത്തുന്നു. ലജ്ഹരാ ഗ്രാമത്തിൽ ഒരു ഭവനത്തിൽ പുതിയതായി കൂട്ടായ്മ തുടങ്ങുവാനും കർത്താവ് സഹായിച്ചു. 4 കുടുംബങ്ങളിൽ നിന്നുള്ള വ്യക്തികൾ ഈ കൂട്ടായ്മയിൽ സംബന്ധിച്ചു വരുന്നു. രാംപ്രകാശ് എന്ന ചെറുപ്പക്കാരന് സംസാരിക്കുവാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. എന്നാൽ കൂട്ടായ്മയിലെ വിശ്വാസികളെല്ലാം ഒരു മനസ്സോടെ പ്രാർത്ഥിച്ചപ്പോൾ കർത്താവ് അത്ഭുതകരമായി പ്രിയ സഹോദരനെ സൗഖ്യമാക്കി. ബസ്തി ഗ്രാമത്തിൽ വച്ച് നടത്തപ്പെട്ട പരസ്യയോഗത്തിൽ ഏകദേശം 160 വ്യക്തികൾ പങ്കെടുത്തു. ആ കൂട്ടായ്മയിൽ വച്ച് 8 വർഷമായി കിടരോഗിയായിരുന്ന രമേഷ് എന്ന സഹോദരന് കർത്താവ് അത്ഭുത സൗഖ്യം നൽകി. സഹോ. എച്ച്.ബി. ജോണിന്റെ ശുശ്രൂഷയിലൂടെ ഗ്രാമത്തിലെ രാജ്കിഷോർ, അനിൽ കുമാർ, സുനിൽ കുമാർ; മചേരിയൻ ഗ്രാമത്തിലെ സന്തോഷ് കുമാർ, അഖിലേഷ് കുമാർ എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. പ്രിയ സഹോദരനിലൂടെ ദൈവം ചെയ്യുന്ന വൻ കാര്യങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം ഇനിയും തന്റെ ശുശ്രൂഷകൾ അനേകർക്കു പ്രയോജനപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.



# വന്നു കണ്ടവർ പോയി പറയണം: ഉയിർപ്പിൻ സന്ദേശം

ഡി.ജെ. അജിത്കുമാർ

"ദൂതൻ സ്ത്രീകളോട് ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നുകാണ്മിൻ. അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ" (മത്ത. 28: 5-7).

ഒഴിഞ്ഞ കല്ലറ വന്നു കാണുവാനും, കണ്ടവർ പോയി മറ്റുള്ളവരോട് "യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു" എന്ന സദ്വാർത്ത അറിയിക്കാനും ദൂതൻ പറയുകയാണ്. യേശുവിന്റെ ഉയിർപ്പിന്റെ സന്ദേശത്തിന്റെ പ്രാധാന്യം ഇതാണ്. സത്യം അറിഞ്ഞവർ, മറ്റുള്ളവരോട് പറയണമെന്നത് പഴയനിയമം മുതൽക്കേ ദൈവം മനുഷ്യരോട് പറയുന്ന കല്പനയാണ് (ലേവ്യ. 5:1). ക്രിസ്തുവിനെ കേട്ടവർക്കും അനുഭവിച്ചവർക്കും ഉള്ള ഒരു ദൈവീക ഉത്തരവാദിത്തമായി ഇതിനെ കാണുന്നു. ഇതു മനസ്സിലായവർ ലോകം മുഴുവൻ ഈ സന്ദേശം എത്തിക്കാനായി പ്രവർത്തിച്ചു. വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും കർത്താവിന്റെ സാക്ഷിയായിത്തീരാൻ ആദി മുതലേ അവിടുന്ന് മനുഷ്യരോട് കല്പിച്ചുകൊണ്ടിരിക്കുന്നു.

രാജ്യം എപ്പോൾ യഥാസ്ഥാനപ്പെടുമെന്നുള്ള ശിഷ്യന്മാരുടെ ചോദ്യത്തിനുത്തരമായി ഗുരുപറയുന്നതും ഇതു തന്നെയാണ്. "യരുശലേമിലും, യഹുദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകണം'' അപ്പോൾ രാജ്യം സ്ഥാപിതമാകും - ദൈവരാജ്യം (അപ്പൊ.1: 6-8). പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും അവസാനിക്കുന്നത് ഈ ദൗത്യം ഓർമിപ്പിച്ചുകൊണ്ടാണ്. വെറും വാക്കുകൾകൊണ്ട് മാത്രമല്ല പ്രവർത്തികൊണ്ടും, ജീവിത ശൈലി കൊണ്ടുമൊക്കെ അനേകായിരങ്ങൾ ഈ മഹത്വ ദൗത്യത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അങ്ങനെ " രാജ്യത്തിന്റെ സുവിശേഷം ഭൂമിയുടെ അറ്റത്തോളം'' എന്ന ക്രിസ്തുദർശനം സാക്ഷാൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. (മത്താ. 24: 14, മർ-16: 15). കഠിനമായ പിഢനങ്ങളിലൂടെയും ശക്തമായ എതിർപ്പുകളിലൂടേയും, മതതീവ്രവാദികളുടെ പ്രതികൂലങ്ങളിലൂടേയും ഈ സന്ദേശം ലോകം മുഴുവൻ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. കാരണം ഇതൊരു ദിവ്യസന്ദേശമാണ്, ഉയരത്തിലെ ആലോചനയാണ്.

ക്രിസ്തുവിന്റെ സന്ദേശം മറ്റുള്ളവരെ അറിയിക്കണം എന്നു പറയുവാൻ പല കാരണങ്ങളുമുണ്ട്. അത് ഏതൊക്കെയാണെന്ന് നോക്കുന്നത് നല്ലതാണ്.

## ദൈവീക ഭാരം

"അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൌലിനെയും വിളിച്ചിരിക്കുന്ന വേലെക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു" (അപ്പൊ- 13:2). ''അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമെ എന്നു ഞാൻ പറഞ്ഞു" (യെശ - 6:8).

കർത്താവിന്റെ വേലക്കായി ചിലരെ വേർതിരിച്ച് അയക്കാൻ പരിശുദ്ധാത്മാവുതന്നെ പറയുന്നു. ആരെ അയക്കണം? ആര് പോകും? എന്ന ചോദ്യം ഉയരുന്നു. ദൈവം മനുഷ്യരെ തെരഞ്ഞെടുത്ത് അയക്കുന്നു. സുവിശേഷം അറിയിക്കുക എന്നത് ദൈവത്തിന്റെ ഭാരമാണ്. പുരുഷാരത്തെ കണ്ട് മനസ്സലിഞ്ഞതും, അപ്പോസ്തലന്മാരെ അയച്ചതുമൊക്കെ ഈ ഭാരം കൊണ്ടാണ് (മത്താ.10:1-7, മത്താ.9:36).ഇതു ദൈവം തന്നെ മുൻകൈ എടുത്തിരിക്കുന്നതുകൊണ്ടാണ് പ്രതികൂലങ്ങളിലും ഈ പ്രവൃത്തി വളർന്നുകൊണ്ടിരിക്കുന്നത്.

**കഠിനമായ പിഢനങ്ങളിലൂടെയും ശക്തമായ എതിർപ്പുകളിലൂടേയും, മതതീവ്രവാദികളുടെ പ്രതികൂലങ്ങളിലൂടേയും ഈ സന്ദേശം ലോകം മുഴുവൻ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. കാരണം ഇതൊരു ദിവ്യസന്ദേശമാണ്, ഉയരത്തിലെ ആലോചനയാണ്.**

## ദൈവത്തിന്റെ കല്പന

"യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകായൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു" (മത്താ. 28: 18 -20). എഴുപതു ശിഷ്യന്മാരെ അയക്കുമ്പോഴും (ലൂക്കോ.10; മത്താ. 10) പന്ത്രണ്ട് ശിഷ്യന്മാരെ അവസാനമായി അയ്ക്കുമ്പോഴും സന്ദേശം ഒന്നു തന്നെയായിരുന്നു (മത്താ. 28: 18-20). ഇത് കർത്താവിന്റെ കല്പനയാണ്. അതുകൊണ്ടാണ് നിർബന്ധം എന്റെ മേൽ കിടക്കുന്നുവെന്ന് പൗലൊസ് പറയുന്നത്(1കൊ- 9:16). അന്ധകാരത്തിൽ നിന്നു, അൽഭുത പ്രകാശത്തിലേക്കു ദൈവം നമ്മെ വിളിച്ചതു അവിടുത്തെ സൽഗുണങ്ങളെ ഘോഷിക്കുവാനാണ് (1 പത്രോ. 2:9). സുവിശേഷം അറിയിക്കേണ്ടതു, ക്രിസ്തുവിലേക്കു വന്നവർക്കു, ഓപ്ഷണൽ അല്ല. നിർബന്ധമാണ്. കാരണം ഇതൊരു കല്പനയാണ്.

## മക്കദോന്യയിലെ വിളി

"അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു, മുസ്യയിൽ എത്തി ബിഥുന്യെക്കു പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല. അവർ മുസ്യ കടന്നു ത്രോവാസിൽ എത്തി. അവിടെവെച്ചു പൗലൊസ് രാത്രിയിൽ മക്കെദോന്യക്കാരനായോരു പുരുഷൻ അരികെ നിന്നു: നീ മക്കെദോന്യെക്കു കടന്നുവന്നു ഞങ്ങളെ സഹായിക്ക എന്നു തന്നോടു അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു. ഈ ദർശനം കണ്ടിട്ടു അവരോടു സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചു, ഞങ്ങൾ ഉടനെ മക്കെദോന്യക്കു പുറപ്പെടുവാൻ ശ്രമിച്ചു'' (അ.പ്ര.16: 6-10). പൗലോസ് കണ്ട ദർശനം പോലെ ഇന്നും മക്കദോന്യയിലെ വിളി തുടരുന്നു. ഭാരതത്തിലും മറ്റു രാജ്യങ്ങളിലും അനേകായിരങ്ങൾ ദിനംപ്രതി സുവിശേഷം അറിയാനാഗ്രഹത്തിൽ യാചിച്ചു കൊണ്ടിരിക്കുന്നു: "വന്നു ഞങ്ങളെ സഹായിക്കുമോ". യേശുവിനെക്കുടാതെ മനുഷ്യഹൃദയങ്ങളിൽ ഒരു ശൂന്യത ഉള്ളിടത്തോളം കാലം ഈ അഭ്യർത്ഥന മനുഷ്യരിൽ നിന്നും പ്രതീക്ഷിക്കാം. ഗ്രെയ്സ് മിനിസ്ട്രീസിന്റെ മിഷണറിമാരും, ടെന്റ് മിനിസ്ട്രിയിലെ പ്രവർത്തകരും എപ്പോഴും ഇത്തരം ആൾക്കാരെ കണ്ടുമുട്ടാറുണ്ട്. എപ്പോഴും എന്റെ ഹൃദയങ്ങളിലെ ഭാരവും ഇതാണ്. എന്നാണ് ഇവരെയൊക്കെ സഹായിക്കാൻ കഴിയുക?! മക്കദോന്യയിലെ വിളി തുടരുന്നു.

## നരകത്തിലെ നിലവിളി

''അതിന്നു അവൻ: എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്കു അഞ്ചു സഹോദന്മാർ ഉണ്ടു; അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു"(ലൂക്കൊ. 16 : 27, 28). ലാസറിന്റെയും ധനവാന്റേയും കഥ കർത്താവ് പറയുകയാണ്. ധനവാന്റെ അഭ്യർത്ഥനയിതാണ്. ലാസറിനെ തന്റെ അപ്പന്റെ വീട്ടിൽ അയക്കണം. അവൻ പോയി തന്റെ സഹോദരന്മാരോടും പിതാവിനോടുമൊക്കെ സുവിശേഷം അറിയിക്കട്ടെ. ലാസറിനെ, ഒരു മിഷണറിയായി അയക്കാൻ ആവശ്യപ്പെടുകയാണ്. നരകത്തിൽ നിന്നു ഇന്നും ഈ വിളി ഉയർന്നുക്കൊണ്ടിരിക്കുന്നുവെന്നു വേണം കരുതാൻ!

## ദൈവത്തിന്റെ നിർബന്ധിക്കുന്ന സ്നേഹം

"ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു;" "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" (2കൊ. 5:14, 1കൊ. 9:16). സുവിശേഷം അറിയാത്തവരോട് അത് പറയണമെന്നുള്ളത് ദൈവസ്നേഹത്തിന്റെ നിർബന്ധത്താൽ നിർവ്വഹിക്കപ്പെടേണ്ടതാണ്. പുതിയ നിയമത്തിന്റെ എല്ലാ പുസ്തകങ്ങളുടേയും ഉപസംഹാരം അതാണ്. പാളയത്തിന് പുറത്തേക്ക് പോകാൻ എബ്രായ ലേഖനം പറയുമ്പോൾ (എബ്രാ.13:13) തീയിൽ നിന്ന് വലിച്ചെടുക്കാൻ യൂദാ പറയുന്നു (യൂദാ 22). യാക്കോബും (5: 19, 20) പാപിയെ നേർവ്വഴിക്കാക്കുവാൻ ആലോചന പറയുന്നു.

മുന്തിരിതോട്ടത്തിലേക്ക് വേലക്കു പോകുവാൻ പറയുന്ന ഉപമയിലും, വേലക്കാരൻ വിളിക്കുന്നത് ഇതുതന്നെ. ആറാം മണിനേരത്തും, ഒൻപതാം മണിനേരത്തും, പതിനൊന്നാം മണിനേരത്തും വേലക്കാരെ വിളിക്കുകയാണ്. "എനിക്കു വിളിയില്ല" "എന്നെ ദൈവം വിളിച്ചിട്ടില്ല" എന്നു പറയാൻ കഴിയാത്ത വിധത്തിൽ മനസ്സിലാക്കേണ്ടിരിക്കുന്നു. എല്ലാവരുടെമേലും ഈ വിളി കിടക്കുന്നു (മത്താ. 20:1-7). "നിങ്ങളും മുന്തിരിതോട്ടത്തിലേക്കു പോകുവിൻ''. എല്ലാവർക്കും ഈ വേലയിൽ പങ്കാളികളാകാൻ കഴിയും. പൗലൊസ് രക്ഷയെക്കുറിച്ചു പറയുന്ന ഭാഗത്ത് ഇത് പ്രസ്താവ്യമാണ് (റോ. 10:9,10). ആർക്കുവേണമെങ്കിലും രക്ഷിക്കപ്പെടാം എന്നു പറഞ്ഞിട്ട് അദ്ദേഹം നാലു പ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. "വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും". അതായത് ആദ്യം വിശ്വസിക്കണമെന്നർത്ഥം. പക്ഷേ പിന്നേയും പ്രശ്നം ഉന്നയിക്കയാണ്. കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും. അപ്പോൾ 'കേൾക്കണം' എന്നതാണ്

(ശേഷം അടുത്ത പേജിൽ)

# രക്ഷയുടെ പ്രത്യാശയിലേക്ക് നയിക്കപ്പെടുന്ന പശ്ചിമബംഗാളിലെ ഗ്രാമീണ ജനത

*- മിഷൻ ന്യൂസ് ബ്യൂറോ -*

പശ്ചിമ ബംഗാളിലെ 24 പർഗനാസ്, ഡാർജിലിംഗ്, മൂർഷിദാബാദ് എന്നീ ജില്ലകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ദൈവ കൃപയാൽ വളരെ മുന്നേറുവാൻ സാധിച്ചു. റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. ജി. ആൽബർട്ട് ആണ് ഇവിടുത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഡാർജിലിംഗ് ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ഏരിയ കോ-ഓർഡിനേറ്റർ സഹോ. ഉദയ് പോർട്ടലാണ് നേതൃത്വം നൽകുന്നത്.

### നിത്യ ജീവന് അവകാശികളാകുവാൻ

24 പർഗനാസ് ജില്ലയിലെ ജിരക്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സമിത് മജുംദാറിന്റെ പ്രവർത്തനത്തിലൂടെ ചോട്ടോ ജിരക്പൂർ ഗ്രാമത്തിലെ മൊമിത മൊണ്ഡൽ, തപൻ മൊണ്ഡൽ, സുദ്ഷൻ മൊണ്ഡൽ, മാമോനിദാസ്, കാകുലി ദാസ്; കുലി ഗ്രാമത്തിലെ പ്രിയ മൊണ്ഡൽ, സുജിത് മൊണ്ഡൽ പ്രിയ സർക്കാർ, കുമാർ മൊണ്ഡൽ എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു.

രാമാപൂർ ഹൊട്ചൊളയിലെ മിനാനി മൊണ്ഡൽ, ദേബ് നാരായൺ മൊണ്ഡൽ എന്നീ വ്യക്തികളുടെ മാനസാന്തരത്തിനു കാരണമായത് നമ്മുടെ മിഷണറി സഹോ. ശാന്തിരഞ്ചൻ ദാസിന്റെ പ്രവർത്തനമാണ്. 24 പർഗനാസ് ജില്ലയിലെ രാമാപൂർ ഗ്രാമത്തിലാണ് സഹോ. ശാന്തിരഞ്ചൻ ദാസ് പ്രവർത്തിക്കുന്നത്.

ഡാർജിലിംഗ് ജില്ലയിലെ അദുക് ഗോൺ ഗ്രാമത്തിലെ പരാഗ് ലപ്ച, ഫിറോജ മുഖ്യ എന്നീ വ്യക്തികൾ സഹോ. സുധീർറായിയിലൂടെ വചനം ശ്രവിച്ചത് മുഖാന്തരം രക്ഷിക്കപ്പെട്ടു. സാലു ടീ എസ്റ്റേറ്റ്, മുഖൈബാരി ടീ എസ്റ്റേറ്റ്, സാലുബീച്ച് ഗോൺ എന്നീ ഗ്രാമങ്ങളാണ് തന്റെ മറ്റു പ്രവർത്തന മേഖലകൾ.

പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിന് ഉത്സുകനായ സഹോ. മനോജ് മല്ലിക് 6 സ്ഥലങ്ങളിൽ അത്തരം യോഗങ്ങൾ നടത്തി. തന്റെ ശുശ്രൂഷയിലൂടെ തെഗരിയ ഗ്രാമത്തിലെ റാബിൻ ദാസ്, മൊണിക്കാ ദാസ്; ബൾടലാ ഗ്രാമത്തിലെ ഗോപാൽ ദാസ്; നൊൾഡി ഗ്രാമത്തിലെ കമല സർദാർ, പാജി സർദാർ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. 24 പർഗനാസ് ജില്ലയിലെ ബാസീർഘട്ട് കേന്ദ്രമാക്കിയാണ് സഹോ. മനോജ് മല്ലിക്ക് പ്രവർത്തിക്കുന്നത്.

### പുതിയ കൂട്ടായ്മകൾ ആരംഭിച്ചു

പശ്ചിമ ബംഗാളിലെ 24 പർഗനാസ് ജില്ലയിലെ ജിരക്പൂർ, ടാൻറാ, സോലുകുരി, ബവാനിപൂർ, ചോട്ടോ ജിരക് പൂർ, ഷേത്പൂർ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോ. സന്ദീപ് മുഖർജി ലുലുപാറ എന്ന ഗ്രാമത്തിൽ പുതിയതായി കടന്നുപോയി സുവിശേഷം അറിയിച്ചു. അവിടെ ഒരു സൺഡേ സ്ക്കൂളും കമലാറുയി ദാസ് എന്ന മാതാവിന്റെ ഭവനത്തിൽ ഒരു ഹൗസ് ചർച്ചും ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. 60 വയസ്സുള്ള ആ മാതാവിന് പ്രാർത്ഥനയിലൂടെ ശാരീരിക ക്ലേശങ്ങളിൽ നിന്നും വിടുതൽ ലഭിച്ചതു മുഖാന്തരം താൻ യേശുവിനായി പൂർണ്ണമായി സമർപ്പിക്കുവാൻ ഇടയായിത്തീർന്നു.

ജിരക്പൂർ ഗ്രാമത്തിലെ സുജാതാ ദാസ്, റിങ്കി ദാസ്, കൃഷ്ണദാസ്; വദുരിയ ഗ്രാമത്തിലെ സുസാന്ത മൊണ്ഡൽ, പുതുൽ മൊണ്ഡൽ, സദാനന്ദാ സർക്കാർ, രേഖാ സർക്കാർ; ബങ്കറാ ഗ്രാമത്തിലെ കെനാരാം സർക്കാർ, പ്രൊബിൻ സർക്കാർ, ബിജോയി സർക്കാർ എന്നീ വ്യക്തികളുടെ രക്ഷാനിർണ്ണയത്തിനു കാരണമായതും സഹോ. സന്ദീപ് മുഖർജിയുടെ പ്രവർത്തനമാണ്.

### ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേർന്നു

ഗയാബാരി ടീ എസ്റ്റേറ്റിലെ ദുർബാ ഛെത്രി, ചമ്പാ ഛെത്രി, നിഷാ ഛെത്രി, നിഷാൽ ഛെത്രി എന്നീ വ്യക്തികൾ സഹോ. മീഖാ ഛെത്രിയുടെ പ്രവർത്തനത്തിലൂടെ വിശ്വാസമാർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു. സഹോ. മീഖാഛെത്രിയിലൂടെ വചനം ശ്രവിച്ച് രക്ഷിക്കപ്പെട്ട സൗറേനി ഗ്രാമത്തിലെ പവൻ ബറേലി, കരുണാ പ്രദാൻ; മിറിക് ഗ്രാമത്തിലെ ബിനായി ഛെത്രി, ഗുരാഗോൺ ഗ്രാമത്തിലെ ആഷാ ഛെത്രി എന്നീ വ്യക്തികൾ ജലസ്നാനമേൽക്കുവാനും കർത്താവ് സഹായിച്ചു. ഭവനങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചത് മൂലം പല അത്ഭുത വിടുതലുകളും സംഭവിക്കുന്നതിന് ഇടയായിത്തീർന്നു.

### പൂജാരിയും കുടുംബവും രക്ഷിക്കപ്പെട്ടു

സഹോ. സഞ്ജയ് ഥാപ്പയുടെ പ്രവർത്തനത്തിലൂടെ കറായി ഗ്രാമത്തിലെ ഒരു ഹിന്ദു പൂജാരിയും കുടുംബവും രക്ഷിക്കപ്പെട്ടു. സ്നാനമേൽക്കുവാൻ അവർ താത്പര്യത്തോടെ ആയിരിക്കുന്നുവെങ്കിലും ഗ്രാമവാസികൾ അതിന് അനുവദിക്കുന്നില്ല. ആ കുടുംബത്തിന്റെ നിലനില്പിനായി നമുക്ക് പ്രാർത്ഥിക്കാം. ഡാർജിലിംഗ് ജില്ലയിലെ സാലു ടീ എസ്റ്റേറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സഞ്ജയ് ഥാപ്പയുടെ ശുശ്രൂഷയിലൂടെ കോതിദുരാ ഗ്രാമത്തിലെ കിഷോർ ജോഗി, ചാർദുരയിലെ അനിൽ സിംഗ് എന്നീ വ്യക്തികളും കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

പശ്ചിമബംഗാളിലെ ജി.എം.ഐ. മിഷണറിമാർ ഉത്സാഹത്തോടെ ഗ്രാമഗ്രാമന്തരങ്ങളിൽ ദൈവവചനം പ്രഘോഷിക്കുമ്പോൾ എളിയവരായ ഗ്രാമീണ ജനത അളവുകളില്ലാത്ത ദൈവസ്നേഹത്തിന് പാത്രരാകുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിയ്ക്കാം. തുടർന്നും അനേകർ നിത്യജീവന് അവകാശികളായിത്തീരുവാൻ പ്രിയ സഹോദരന്മാരുടെ പ്രവർത്തനങ്ങൾ ഉതകുമാറാകേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

---

*3-ാം പേജിന്റെ തുടർച്ച...*

മുഖ്യഘടകം. എന്നാൽ പിന്നേയും മൂന്നാമത്തെ പ്രശ്നം ഉന്നയിക്കുകയാണ്. പ്രസംഗിക്കാതെ എങ്ങനെ കേൾക്കും. അപ്പോൾ പ്രസംഗിക്കണമെന്നതാണ് അടുത്ത മുഖ്യഘടകം. എന്നാൽ പിന്നേയും പ്രശ്നം ഉന്നയിക്കുകയാണ്. ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും.

ആരെങ്കിലും അയച്ചാൽ പ്രസംഗിക്കുന്നവൻ പോകും. പോകുന്നവൻ പ്രസംഗിക്കുമ്പോൾ ജനം കേൾക്കും. കേൾക്കുമ്പോൾ താൻ വിശ്വസിക്കും. വിശ്വസിക്കുമ്പോൾ അവർ രക്ഷിക്കപ്പെടും. അപ്പോൾ പ്രാഥമികമായി 'അയക്കണം' എന്നതാണ് ആവശ്യമെന്ന് മനസ്സിലാകുന്നു. ആരാണ് അയക്കേണ്ടത്? ആ ജോലി പരിശുദ്ധത്മാവ് സഭക്കു (വിശ്വാസികൾക്ക്) നൽകുകയാണ് (അ.പ്ര. 13:2,3). മിഷണറിമാരായി (സുവിശേഷകന്മാരായി) അയക്കേണ്ട ഒരു വലിയ ദൗത്യം ദൈവം സഭക്കു നൽയിരിക്കുന്നു. അറിഞ്ഞുകൊണ്ടോ,അറിയാതേയോ വലിയ സഭകൾ അതു മറന്നുപോകുമ്പോൾ ദൈവം സമാന്തര സംഘടനകളേയും, വ്യക്തികളേയും എഴുന്നേൽപ്പിക്കുന്നു. ഈ ദൗത്യം മറന്നുപോകാൻ പാടില്ല.

### ലോകത്തെ രക്ഷിക്കാൻ മനുഷ്യന്റെ പങ്കാളിത്തം

ആത്മാക്കളെ രക്ഷിക്കുന്ന ഈ ദൈവീക പ്രവർത്തനത്തിന് മനുഷ്യന്റെ സഹായം ദൈവത്തിന് ആവശ്യമുണ്ടോ? ഇതു സാധാരണ ചോദിക്കുന്നു ഒരു ചോദ്യമാണ്. എന്നാൽ ദൈവം ആദി മുതലേ തന്റെ പ്രവർത്തിക്കായി മനുഷ്യന്റെ പങ്കാളിത്തം ആവശ്യപ്പെടുന്നത് കാണാൻ കഴിയും.

* ഭൂമിയെ കാത്തുപരിപാലിക്കാൻ മനുഷ്യനെ തോട്ടത്തിൽ (ഭൂമിയിൽ) ആക്കുന്നു(ഉല്പ. 2: 15)

* ഭൂമിയെ ശുദ്ധീകരിക്കുന്ന സമയത്ത്, പെട്ടകം ഉണ്ടാക്കി ഒരു കൂട്ടം മനുഷ്യരേയും മറ്റു ജീവജാലങ്ങളേയും രക്ഷിക്കാൻ നോഹയെ ദൈവം ഉപയോഗിക്കുന്നു(ഉല്പ. 6,7,8,9).

* മനുഷ്യരുടെ ഇടയിൽ പാർക്കാൻ ആഗ്രഹിക്കുന്ന ദൈവം അതിന്നായി ഒരു കൂടാരം (സമാഗമന കൂടാരം) ഉണ്ടാക്കാൻ മോശെയെ നിയോഗിക്കുന്നു. (പുറ. 25ff)

* കടൽക്കരയിൽ നിൽക്കുന്ന പുരുഷാരത്തോട് സംസാരിക്കാൻ പത്രോസിന്റെ പടക് കർത്താവ് ആവശ്യപ്പെടുന്നു. (ലൂക്കോ. 5)

* അയ്യായിരത്തിലധികം പുരുഷന്മാർക്കും സ്ത്രീകൾക്കും ഭക്ഷണം നൽകാൻ മനുഷ്യന്റെ പങ്കാളിത്തം ചോദിക്കുന്നു (യോഹ. 6)

* യരുശലേമിലേക്കുപോകാൻ ഒരു കഴുതയെ മനുഷ്യരിൽ നിന്നും ആവശ്യപ്പെടുന്നു. (ലൂക്കോ.19:30)

* ദേവാലയത്തിൽ വഴിപാട് ഇടുന്ന സാധുവായ വിധവയെ കർത്താവ് അഭിനന്ദിക്കുന്നു(ലൂക്കോ. 21:1-4)

* 1കൊ. 16ലും, 2കൊ. 8,9 അദ്ധ്യായങ്ങളിലും ദൈവേലയ്ക്കായി നൽകിയവരെ പൗലൊസ് അഭിനന്ദിക്കുന്നു.

ലോകത്തെ രക്ഷിക്കുന്ന ദൈവീക പ്രവൃത്തിയിൽ മനുഷ്യരേയും അവന്റെ വിഭവങ്ങളേയും ദൈവം എപ്പോഴും ഉപയോഗിക്കുന്നത് നാം കാണുന്നു. മനുഷ്യന്റെ പങ്കാളിത്തം ദൈവം ചോദിക്കുന്നു. സർവ്വശക്തനായ, സർവ്വവ്യാപിയായ രക്ഷകനായ ദൈവത്തിന്റെ ഈ മഹനീയ വേലയിൽ മനുഷ്യരായ നമ്മെ ഉപയോഗിക്കുന്നതിനാൽ നാം നന്ദി ഉള്ളവരായിരിക്കേണ്ടതുമാണ്.

'വന്നു കണ്ടവർ പോയി പറയണം' ഇതു ഉയിർപ്പിന്റെ സന്ദേശമാണെങ്കിലും, എല്ലാകാലത്തുമുള്ള ഒരു ദൈവിക സന്ദേശമായിരിക്കുന്നു. ക്രൂശിനെ ധ്യാനിക്കുന്ന ഈ നാളുകളിൽ, രക്ഷകന്റെ കഷ്ടാനുഭവങ്ങളും, ഉയിർപ്പുമൊക്കെ ധ്യാനിക്കുമ്പോൾ ഈ ദൗത്യം കൂടെ ഓർക്കാൻ ഇടയാകട്ടെ.

ഉയിർപ്പിന്റെ സന്ദേശം ഒരു ദൗത്യത്തിന്റെ സന്ദേശമാണ്.(Message of Resurrection is the Message of Mission). ഈ പ്രേഷിത ദൗത്യത്തിൽ പങ്കാളികളായി തീരൻ ഓരോരുത്തർക്കും ഏൽപ്പിക്കാം.

*"കൊയ്ത്തിനായി നിലം വിളഞ്ഞിരിക്കുന്നു! കൊയ്ത്ത് വളരെയുണ്ട്, വേലക്കാരോ ചുരുക്കം! "*

*കൊയ്ത്തിന്റെ നാഥനേ, അനേകം വേലക്കാരെ എഴുന്നേൽപ്പിച്ച്, ഞങ്ങളെ ഏവരേയും അതിനായി അയക്കേണമേ.*

ആമേൻ



# ബൈബിൾ പഠനക്വിസ് – 78

*ഡോ. റ്റി.സി. കിഷോർ മോഹൻ*

ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം എന്താണെന്നും സാത്താന്യ ശക്തികളുടെ മേൽ ദൈവത്തിന്റെ പരമാധികാരം എങ്ങനെ സ്ഥാപിക്കപ്പെടുന്നുവെന്നും ദൈവജനത്തെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി മോശെ രചിച്ചു എന്നു കരുതപ്പെടുന്ന ഗ്രന്ഥമാണ് ഇയ്യോബ്. ബൈബിളിലെ ഉല്പത്തി മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങളിൽ ചരിത്ര സംഭവങ്ങൾക്കാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നത്. എന്നാൽ ഇയ്യോബു മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു ഗ്രന്ഥങ്ങളിൽ തികച്ചും വ്യത്യസ്തമായ ആഖ്യാന ശൈലിയാണ് സ്വീകരിച്ചു കാണുന്നത്. സാഹിത്യത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടു രചിച്ചിട്ടുള്ള ഈ അഞ്ചു പുസ്തകങ്ങളിൽ ഏറ്റവും മഹത്തരം ഇയ്യോബ് തന്നെ. ബൈബിളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏറ്റവും പ്രാചീനമായ കൃതി എന്ന സവിശേഷതയും ഈ ഗ്രന്ഥത്തിനുണ്ട്.

തികഞ്ഞ ദൈവ ഭക്തനും നീതിമാനുമായ ഇയ്യോബ് എന്ന ധനികനായ ഒരു മനുഷ്യന്റെ ജീവിതത്തിൽ നേരിട്ട അതികഠിനമായ പീഡനത്തിന്റെ കഥ പറയുന്ന പുസ്തകമാണ് ഇയ്യോബ്. ഇയ്യോബിന് തന്റെ ധനം, കുടുംബം, ആരോഗ്യം എന്നിവ ഓരോന്നായി നഷ്ടപ്പെടുന്നു. തനിക്കനുഭവിക്കേണ്ടി വന്ന ഈ പീഡനത്തെക്കാളുപരി അദ്ദേഹത്തിന്റെ മനസ്സിനെ വേദനിപ്പിച്ചത് എന്തുകൊണ്ട് തന്റെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കുന്നു എന്നതാണ്. എടുത്തു പറയത്തക്ക ഒരു കുറ്റവും ചെയ്തിട്ടില്ലാത്ത, ഏവർക്കും സർവ സമ്മതനും, ദൈവ ഭക്തനും നീതിമാനുമായ ഒരു വ്യക്തിക്ക് എന്തുകൊണ്ട് ഈ കഷ്ടപ്പാട് അനുഭവിക്കേണ്ടിവന്നു. ഇയ്യോബ് മാത്രമല്ല ഈ ചോദ്യം ചോദിക്കുന്നത്. നൂറ്റാണ്ടുകളായി മനുഷ്യൻ ആവർത്തിച്ചാവർത്തിച്ച് ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമാണിത്. ഓരോ വിശ്വാസിയും ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യം. ലോകാരംഭം മുതൽ മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിനും ഇന്നും ഒരു ശാശ്വത പരിഹാരം ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഈ പ്രശ്നത്തിന്റെ ഒരു അപഗ്രഥനം കൂടെയാണ് ഈ പുസ്തകം.

വളരെ വിചിത്രമായ ഒരു സംഭവത്തോടെയാണ് ഈ കൃതി ആരംഭിക്കുന്നത്. സ്വർഗ്ഗത്തിൽ ദൈവവും സാത്താനുമായി ഒരു സംവാദം നടക്കുന്നു. കാരണം മറ്റൊന്നുമല്ല. ഭൂമിയിൽ ഊസ് എന്ന ദേശത്ത് നിഷ്കളങ്കനും നീതിമാനും ദൈവ ഭക്തനുമായ ഒരു മനുഷ്യൻ സമ്പൽ സമൃദ്ധിയോടെ സകുടുംബം ജീവിച്ചു വാഴുന്നു. ഇതിൽ അസൂയപൂണ്ട സാത്താൻ ഇയ്യോബിന്റെ ദൈവഭക്തിയെ പരീക്ഷിക്കുവാൻ തീരുമാനിക്കുന്നു. എങ്ങനെയും അയാളെ ദൈവത്തിൽ നിന്നും അകറ്റണം. അതിനൊരു മാർഗ്ഗം തേടിയാണ് പിശാച് സ്വർഗ്ഗത്തിൽ എത്തിയിരിക്കുന്നത്. പരീക്ഷിക്കുവാൻ ഇയ്യോബിനെ തനിക്കു വിട്ടുതരണമെന്ന് സാത്താൻ ദൈവത്തിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നു. ദീർഘ നേരത്തെ സംവാദത്തിനൊടുവിൽ ദൈവം സാത്താന്റെ ആവശ്യത്തിന് വഴങ്ങുന്നു. ഇയ്യോബിനെ സാത്താനു വിട്ടു കൊടുക്കുന്നു. സാത്താന്റെ പരീക്ഷണത്തിനു വിധേയനായ ഇയ്യോബിനു ആടുമാടുകൾ, ധനം, പുത്രന്മാർ, പുത്രിമാർ എന്നിവ ഓരോന്നായി നഷ്ടപ്പെടുന്നു. ഇത്രയൊക്കെ നഷ്ടം സംഭവിച്ചിട്ടും ദൈവത്തെ തള്ളിപ്പറയാന് ഇയ്യോബ് കൂട്ടാക്കുന്നില്ല എന്നു കണ്ട പിശാച് വീണ്ടും ദൈവസന്നിധിലെത്തുന്നു. കടുത്ത പരീക്ഷണത്തിനുള്ള അനുവാദം തേടിയ സാത്താന് ഇയ്യോബിന്റെ പ്രാണനെ തൊടരുത് എന്ന ഒരൊറ്റ വ്യവസ്ഥയിന്മേൽ വീണ്ടും ഇയ്യോബിനെ സാത്താനു ഏല്പിച്ചു കൊടുക്കുന്നു. ശരീരം മുഴുവൻ പരുക്കൾ ബാധിച്ച് അതി കഠിനമായ വേദന അനുഭവിച്ചു കൊണ്ടിരിക്കുമ്പോഴും ദൈവത്തെ ഒരുവാക്കു പോലും തള്ളിപ്പറയുവാൻ ഇയ്യോബ് കൂട്ടാക്കുന്നില്ല എന്ന വസ്തുത നാം മറന്നുകളയരുത്. ഈ ലോക ജീവിതത്തിൽ പ്രയാസങ്ങളും പ്രതികൂലങ്ങളും വേദനകളും കഷ്ടങ്ങളും നേരിടുമ്പോൾ ഇയ്യോബിനെപ്പോലെ മനസ്സാന്നിധ്യം കൈ വിടാതെ വേദനയുടെ നടുവിൽ നിന്നു കൊണ്ട് ദൈവത്തെ സ്തുതിക്കുവാൻ ഓരോ വിശ്വാസിക്കും കഴിയണം. തനിക്കു സ്വന്തം ഭാര്യ പോലും ദൈവത്തെ തള്ളിപ്പറയുവാൻ ആവശ്യപ്പെട്ടപ്പോൾ മറുപടിയായി ഇയ്യോബ് പറയുന്ന വാക്കുകൾ വളരെ ശ്രദ്ധേയമാണ്."ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കൈയിൽ നിന്നു നന്മ കൈക്കൊള്ളുന്നു, തിന്മയു കൈക്കൊള്ളരുതോ" (ഇയ്യോ. 2:10).

അതികഠിനമായ പരീക്ഷയ്ക്ക് വിധേയനായ ഇയ്യോബിന് തന്റെ സ്നേഹിതന്മാരും നഷ്ടപ്പെടുന്നു. ദൈവത്തിന്റെ ശിക്ഷ നീതിമാന്മാർക്കല്ല ദുഷ്ടന്മാർക്കാണെന്ന് ഓർപ്പിച്ച തന്റെ ആത്മാർത്ഥ സുഹൃത്തിന്റെ വാക്കുപോലും ഇയ്യോബ് ശ്രദ്ധിച്ചില്ല. എല്ലാ കഷ്ടപ്പാടിനുമൊടുവിൽ വളരെ നാടകീയമായി അതിശക്തമായ ഒരു കൊടുങ്കാറ്റിൽ ദൈവം ഇയ്യോബിനു പ്രത്യക്ഷനാകുന്നു. ഇയ്യോബിന്റെ അഗാധമായ ദൈവ ഭക്തിയിലും വിശ്വാസത്തിലും സംതൃപ്തനായ ദൈവം ഇയ്യോബിനു നഷ്ടപ്പെടുതെല്ലാം മടക്കിക്കൊടുക്കുന്നു. ദൈവത്തിന്റെ സർവ്വാധിപത്യവും പരമാധികാരവുമാണ് ഇയ്യോബിന്റെ ജീവിതത്തിലൂടെ വെളിവാക്കപ്പെടുന്നത്. മനുഷ്യനെ പീഡിപ്പിക്കുവാൻ സാത്താനു പ്രകൃത്യാതീത ശക്തിയുണ്ടെങ്കിലും ദൈവം അവനെ നിയന്ത്രിച്ചിരിക്കുന്നു. ചങ്ങലയിൽ ബന്ധിച്ചിരിക്കുന്ന സാത്താൻ ചങ്ങലയുടെ അറ്റം വരെ മാത്രമേ പോകുവാൻ കഴിയുകയുള്ളു. സർവ്വാധിപത്യവും പരമാധികാരവും ഇന്നും എന്നും ജീവിച്ചു വാഴുന്ന ദൈവത്തിനു തന്നെ.

ഇയ്യോബിന്റെ പുസ്തകത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ വാക്യവും വളരെ ശ്രദ്ധയോടെ വായിച്ച് താഴെ ക്കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിന്റെയും ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. ഇയ്യോബിന്റെ ജന്മദേശം ഏത് ?
2. ഇയ്യോബിന് ആകെ മക്കൾ എത്ര ?
3. ആദ്യത്തെ പ്രാവശ്യം ഏത് വ്യവസ്ഥയിന്മേലാണ് ഇയ്യോബിനെ ദൈവം സാത്താന് ഏല്പിച്ചു കൊടുത്തത് ?
4. ഇയ്യോബിന്റെ കാളകളെ പിടിച്ചുകൊണ്ടു പോയതാര് ?
5. ഒട്ടകങ്ങളെ കടത്തിക്കൊണ്ടു പോയവർ ?
6. സാത്താൻ ദൈവത്തോടു സംസാരിക്കുമ്പോൾ കൂടെയുണ്ടായിരുന്നവർ?
7. "ത്വക്കിനു പകരം ത്വക്ക് മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവനുപകരം കൊടുത്തുകളയുയും. ഈ വാക്കുകൾ ആരുടേത്?
8. രണ്ടാം പ്രാവശ്യം ദൈവം ഇയ്യോബിനെ സാത്താനു വിട്ടു കൊടുമ്പോൾ ഉണ്ടായിരുന്ന വ്യവസ്ഥ എന്ത് ?
9. "ഞാൻ ഗർഭപാത്രത്തിൽ വെച്ച് മരിക്കാതിരുന്നതെന്ത് ? ഇയ്യോബ് ആരുമായുള്ള സംഭാഷണത്തിലാണ് ഇത് ചോദിച്ചത് ?
10. " മാംസ നേത്രങ്ങളോ നിനക്കുള്ളത്" ? ആര് ആരോട് ചോദിച്ചു ?
11. "വിടുവായൻ നീതിമാനായിരിക്കുമോ"? ആരുടെ ചോദ്യം ?
12. മനുഷ്യനെ ഏതെല്ലാം ജീവികളോടാണ് ബിൽദാദ് ഉപമിച്ചിരിക്കുന്നത്?
13. പ്രായം ചെന്നവരത്രെ ജ്ഞാനികൾ എന്നില്ല' എന്നു പറഞ്ഞതാര് ?
14. ദൈവം എവിടെ നിന്നു കൊണ്ടാണ് ഇയ്യോബിനോട് സംസാരിച്ചത് ?
15. ദൈവത്തിനു ഇയ്യോബിന്റെ സ്നേഹിതന്മാരോടുണ്ടായ കോപത്തിനു കാരണം എന്ത് ?
16. ഇയ്യോബ് ആർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴാണ് അവന്റെ സ്ഥിതിക്ക് വ്യത്യാസം വന്നത് ?
17. ഇയ്യോബിന്റെ മൂന്നാമത്തെ പുത്രിയുടെ പേരെന്ത് +?

## ഉത്തരങ്ങൾ

1. ഹിന്ദുദേശം (എസ്ഥേർ 1 : 1)
2. നൂറ്റിയിരുപത്തേഴ് (1 : 1)
3. വസ്ഥി രാജ്ഞി (1 : 12)
4. ഹേഗായി (2 : 3)
5. യാരീർ (2 : 5)
6. ബെന്യാമീൻ (2 : 5)
7. ഹദസ്സെ (2 : 7)
8. അബീഹായേൽ (2 : 15)
9. ബിഗ്ദ്ധാൻ, തേരശ് (2 : 21)
10. ഹമ്മെദാഥാ (3 : 1)
11. മൊർദ്ദെഖായി (3 : 2)
12. പതിനായിരം താലന്ത് വെള്ളി (3 : 9)
13. ഹഥാക്ക് (4 : 9)
14. എസ്ഥേറിനു വേണ്ടി (4 : 16)
15. ഹാമാൻ (5 : 5)
16. സേരശ് (5 : 10)
17. ഹാമാന്റെ ഭാര്യ സേരശ്(6 : 13)
18. ഹാമാന് (7: 10)
19. അമ്പതു മുഴം (7 : 9)
20. എസ്ഥേറിന് (18 : 1)

## ശരിയുത്തരം അയച്ചവർ

1. ഡി. പത്മാ മേബൽ<br>ജസ്റ്റിസ് കോട്ടേജ്<br>പാറശ്ശാല
2. ഗ്രെയ്സ് സുമംഗല<br>YMCA റോഡ്<br>കോഴിക്കോട് -1
3. സൂസമ്മ ഫിലിപ്പ്<br>ഗാന്ധിപുരം<br>ശ്രീകാര്യം
4. മേരികോശി<br>പുതുശ്ശേരിൽ ഹൗസ്<br>പത്തനംതിട്ട
5. മിനിസാബു<br>മീനങ്ങാടി<br>വയനാട്
4. റ്റി. ക്രിസിൽഡാ<br>പാപ്പിനിശ്ശേരി<br>കണ്ണൂർ

# ക്രിസ്തുവിനോട് ചേർത്തു കൊണ്ട് ജി.എം.ഐ.യുടെ ഗോരഖ്പൂർ മിഷൻ

*- മിഷൻ ന്യൂസ് ബ്യൂറോ*

മദ്ധ്യപ്രദേശിലെ ശിവനി ജില്ലയിൽ ജി.എം.ഐ സ്റ്റേറ്റ് കോ-ഓഡിനേറ്റർ സഹോ. വിനയദാസിന്റെ നേതൃത്വത്തിൽ ജി.എം.ഐയുടെ മിഷണറി പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടന്നുവരുന്നു. 15 വർഷങ്ങൾക്കു മുൻപാണ് ജി.എം.ഐ. ശിവാനിയിലെ ചരപ്പാറ കേന്ദ്രമാക്കി പ്രേഷിത ദൗത്യം ആരംഭിച്ചത്. ഇപ്പോൾ 14 പേർ വിവിധ ഗ്രാമങ്ങളിൽ മിഷണറി പ്രവർത്തനങ്ങൾ നടത്തുന്നു. ജി.എം.ഐ. മിഷണറിമാരുടെ പ്രവർത്തനങ്ങളിലൂടെ അനേകർ രക്ഷയുടെ അനുഭവത്തിലേക്ക് വന്ന് സ്നാനപ്പെട്ട് കൂട്ടായ്മകളിൽ സംബന്ധിക്കുന്നു.

ചരപ്പാരയ്ക്ക് സമീപമുള്ള ഗോരഖ്പൂർ ഗ്രാമത്തിൽ 150-ൽ അധികം വിശ്വാസികൾ വിവിധ കൂട്ടായ്മകളിൽ പങ്കെടുത്ത് ദൈവത്തെ ആരാധിക്കുന്നു. സഹോ. ദേവാസിംഗ് ഭലാവിയാണ് അവിടുത്തെ നമ്മുടെ മിഷണറി, ഗോരഖ്പൂറിനു പുറമെ ഉമരിയ, ഗുഡി, ബർദാന, ബന്ദരിയ,സാലിവാഡ, ഖിർഖിരി എന്നീ ഗ്രാമങ്ങളും സഹോ. ദേവാസിംഗ് ഭലാവിയുടെ പ്രവർത്തനമേഖലകളാണ്. വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതിനും ലഘുലേഖകളും സുവിശേഷ പ്രതികളും വിതരണം ചെയ്യുന്നതും കൂടാതെ ഭവനങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും താൻ ഉത്സുകനാണ്.

ഗോരഖ്പൂർ ഗ്രാമത്തിലെ സാരൂവതി, ബന്ദരിയ ഗ്രാമത്തിലെ

(ശേഷം 12-ാം പേജിൽ)





*മദ്ധ്യപ്രദേശിലെ ചരപ്പാരയ്ക്ക് സമീപമുള്ള ഗോരഖ്പൂർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹോ. ദേവാസിംഗ് ഭലാവിയുടെ നേതൃത്വത്തിൽ നടത്തുന്ന കൂട്ടായ്മകളിലെ വിവിധ ദൃശ്യങ്ങൾ*

## രോഗത്തിൽ താങ്ങിയ യേശുനാഥന്റെ അത്ഭുത കരം

ഉത്തർപ്രദേശിലെ ബാന്ദ ജില്ലയിലെ അർജ്ജുനാ ഗ്രാമത്തിൽ അർജ്ജുൻ എന്ന 48 വയസ്സുള്ള ക്ഷയ രോഗ ബാധിതനായ വ്യക്തി 40000 രൂപാ തന്റെ ചികിത്സയ്ക്കായി ചെലവഴിച്ചിട്ടും ഒരു പ്രയോജനവും ഉണ്ടായില്ല. നമ്മുടെ മിഷണറി സഹോ. രാംവിഷാൽ ഫിലിപ്പിനെ കണ്ടുമുട്ടുവാനിടയായ ആ സഹോദരൻ തന്റെ രോഗാവസ്ഥയെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. സഹോ. രാംവിഷാൽ ഫിലിപ്പ് ആ സഹോദന്റെ ശരീരത്തിൽ എണ്ണ പുരട്ടി പ്രാർത്ഥിച്ചു. പ്രാർത്ഥിച്ച ദിവസം മുതൽ താൻ കഴിക്കുന്ന മരുന്നുകൾ തന്റെ ശരീരത്തിൽ പ്രവർത്തിക്കുവാനാരംഭിക്കുകയും വളരെ ആശ്വാസം ലഭിക്കുകയും ചെയ്തു. സഹോ. രാംവിഷാൽ ഫിലിപ്പിന്റെ പ്രവർത്തന ഫലമായി മണിപൂർ ഗ്രാമത്തിലെ ജഗ്പ്രസാദ്, ഷിവഗാദ് ഗ്രാമത്തിലെ രാജവാ എന്നീ വ്യക്തികൾ രക്ഷിക്കപ്പെടുവാനും അർജുനാ ഗ്രാമത്തിലെ ബാൽ കിഷൻ എന്ന വ്യക്തി ജലസ്നാനമേൽക്കുവാനും ഇടയായി. സഹോ. രാംവിഷാൽ ഫിലിപ്പിന്റെ ശുശുഷകളുടെ അഭിവൃദ്ധിയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

## മൊബൈൽ ടെന്റ് ടീം വടക്കേ ഇന്ത്യയിലേക്ക് മടങ്ങി

രണ്ടു മാസം നീണ്ട കേരള പര്യടനം അവസാനിപ്പിച്ച് ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ മൊബൈൽ ടെന്റ് ടീം വടക്കേ ഇന്ത്യയിലേക്ക് പുറപ്പെട്ടു. കേരളത്തിൽ നടത്തപ്പെട്ട അനേക മഹായോഗങ്ങളിൽ മൊബൈൽ ടെന്റ് ടീമിന്റെ സാന്നിദ്ധ്യം അനുഗ്രഹപ്രദമായ നവോന്മേഷം പകർന്നു. സഹോ. ബഞ്ചമിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങളും ടെന്റ് യൂണിറ്റും കേരളത്തിൽ ഈ വർഷത്തെ തങ്ങളുടെ അവസാന ശുശ്രൂഷയായ നിലമ്പൂർ കൺവെൻഷനും കഴിഞ്ഞ് ഫെബ്രുവരി 27-ന് നാഗ്പൂരിലേക്ക് മടങ്ങി. തുടർന്ന് വടക്കേ ഇന്ത്യയിലെ അനവധി ശുശ്രൂഷകൾക്ക് നേതൃത്വം നൽകേണ്ട മൊബൈൽ ടെന്റ് മിനിസ്ട്രിയെ സമ്പൂർണ്ണമായും ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

# കുരുന്നു ജീവിതങ്ങളുടെ രൂപാന്തരത്തിലൂടെ പ്രേഷിത ദൗത്യം ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കാം

– സ്വന്തം ലേഖകൻ

## പുത്തൻ തലമുറയുടെ അനുഗ്രഹത്തിനായി വ്യക്തമായ അറിവു പകർന്നു കൊണ്ട് സൺഡേ സ്കൂൾ ലീഡേഴ്സ് പ്രോഗ്രാം.

ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ആൾ ഇന്ത്യ സൺഡേ സ്ക്കൂൾ അസോസിയേഷനുമായി സഹകരിച്ച് ക്രമീകരിച്ച 'സൺഡേ സ്ക്കൂൾ' ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം 2011 ഫെബ്രുവരി 21, 22, 23 തീയതികളിൽ കാട്ടക്കട ക്രിസ്തുകൃപ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. ജി.എം.ഐ പ്രസിഡന്റ് ബ്രദർ.ഡി.ജെ.അജിത് കുമാർ ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ ക്ലാസ്സുകൾ നയിച്ചത് റവ. ഡോ. ഐപ്പ് ജോസഫ് (ജനറൽ സെക്രട്ടറി, ആൾ ഇന്ത്യ സൺഡേ സ്ക്കൂൾ അസോസിയേഷൻ), റവ. യേശുദാസൻ, മിസിസ്സ്. ബീലാ ഐപ്പ് എന്നിവരാണ്. ജി.എം.ഐ ജനറൽ സെക്രട്ടറി ഡോ. ഇ. സ്റ്റീഫൻ, മിഷൻ ഡയറക്ടർ ബ്രദർ. കെ.കെ. ജോർജ്, സ്റ്റാഫ് അംഗങ്ങൾ, കോ-ഓർഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു.

വേദപാഠങ്ങൾ അവർക്കു പകർന്നു കൊടുക്കേണ്ടത് എന്നും അദ്ദേഹം വ്യക്തമാക്കി. ക്രൈസ്തവ സഭകളുടെ പ്രേഷിത ദൗത്യത്തിൽ പ്രമുഖ സ്ഥാനം നൽകപ്പെട്ടിരിക്കുന്നത് ക്രൈസ്തവ വിദ്യാഭ്യാസത്തിനാണ്. അത് സ്വായത്തമാക്കുന്നതിനുള്ള പ്രധാന മാർഗ്ഗമായി പരിഗണിക്കുന്നത് 'സൺഡേ സ്ക്കുളു'കളെയാണ്. സങ്കീർത്തനം27: 3 ൽ പറയുന്നതു പോലെ "മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ". മാതാപിതാക്കളും രക്ഷിതാക്കളുമാണ് ദൈവീക പ്രമാണങ്ങൾ ആദ്യമായി അവരെ അഭ്യസിപ്പിക്കേണ്ടത് എന്ന് വേദപുസ്തകം തന്നെ വ്യക്തമാക്കുന്നു (ആവർ. 6: 6-9) എന്നാൽ ഒരു സൺഡേസ്ക്കൂൾ അധ്യാപകന്റെ പങ്കും ഇവിടെ പ്രസക്തമാണ്.

പ്രഥമ ക്ലാസ്സ് കുഞ്ഞുങ്ങളുടെ മനശാസ്ത്രം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ളതായിരുന്നു. റവ.ഡോ. ഐപ്പ് ജോസഫാണ് ക്ലാസ്സ് നയിച്ചത്. പ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ 5 വിഭാഗങ്ങളായി തിരിക്കാമെന്നും ശാരീരകമായും ബൗദ്ധികമായും സാമൂഹികവും ആത്മീക്കമായും മാനസികമായും വളർച്ച പ്രാപിക്കുന്നതിന്റെ തോതനുസരിച്ച് വ്യത്യസ്തമാനദണ്ഡങ്ങളിലൂടെയായിരിക്കണം യേശുക്രിസ്തുവിങ്കലേക്ക് നയിക്കുവാൻ കഴിയുകയുള്ളൂ. കാര്യക്ഷമമായ ഒരു 'സൺഡേ സ്ക്കൂളിന്' മാത്രമേ കുഞ്ഞുങ്ങളെ വ്യക്തികളെന്ന നിലയിലും കുടുംബത്തിലെയും സമൂഹത്തിലെയും അംഗങ്ങളെന്ന നിലയിലും അർത്ഥപൂർണ്ണമായ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുവാൻ കഴിയുകയുള്ളൂ എന്ന് റവ.ഡോ.ഐപ്പ് ജോസഫ് വ്യക്തമാക്കി. റവ. യേശുദാസൻ അദ്ധ്യാപക രീതികളെക്കുറിച്ച് ക്ലാസ്സെടുത്തു അദ്ധ്യാപകർ കുഞ്ഞുങ്ങളുമായി വളർത്തിയെടുക്കേണ്ട സ്നേഹോഷ്മളമായ ബന്ധത്തെക്കുറിച്ചും അതിന് അനുവർത്തിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി പ്രസ്താവിക്കുകയുണ്ടായി.

ഇക്കാലത്ത് മാതാപിതാക്കൾ പലപ്പോഴും തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവികപ്രമാണങ്ങൾ അഭ്യസിപ്പിച്ച് അവരെ വഴിനടത്തുന്നതിൽ നിന്ന് വലിയോരളവുവരെ പിന്നോക്കം പോയിരിക്കുന്നതിനാൽ പലപ്പോഴും ആ കടമ പൂർണ്ണമായും നിർവ്വഹിക്കേണ്ടി വരുന്നത് സൺഡേസ്ക്കൂൾ അധ്യാപകരാണ്. അതുകൊണ്ട് തന്നെ അവർക്ക് മികച്ച പരിശീലനം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. അങ്ങനെ പരിശീലനം നേടിയവർക്കു മാത്രമേ കുഞ്ഞുങ്ങളെ കർത്താവായ

മാതാവിന്റെ ഗർഭപാത്രം മുതൽ 4 വയസ്സുവരെയുള്ള ഒരു കുഞ്ഞിന്റെ ജീവിത ചക്രത്തിലെ പ്രധാന വസ്തുതകളെപ്പറ്റിയും ഗർഭകാലഘട്ടത്തിൽ മാതാവിന്റെ ജീവിതത്തിലെ സംഭവവികാസങ്ങൾ കുഞ്ഞിന്റെ സ്വഭാവ സവിശേഷതകളെ എപ്രകാരം ബാധിക്കുമെന്നതിനെപ്പറ്റിയും വ്യക്തമാക്കുന്ന ക്ലാസ്സ് നയിച്ചത് മിസിസ്സ്. ബീലാ ഐപ്പ് ആണ്.

ക്ലാസ്സുകൾക്കു ശേഷം കോ-ഓർഡിനേറ്ററുമാരുടെ നേതൃത്വത്തിൽ കുഞ്ഞുങ്ങൾക്കായുള്ള പാഠ്യ പദ്ധതിയിലെ 48 അദ്ധ്യായങ്ങളുടെ പ്ലാൻ തയ്യാറാക്കുകയും വിശദീകരിക്കുകയും ചെയ്തു. സമാപന ദിവസത്തിൽ ബ്രദർ. ഡി.ജെ. അജിത്കുമാർ സംസാരിച്ചു. ജി.എം.ഐ. കോ. ഓർഡിനേറ്റർമാർ തങ്ങളുടെ പ്രവർത്തനമേഖലകളിൽ കടന്നു ചെന്ന് തങ്ങളുടെ കീഴിലുള്ള മിഷണറിമാർക്ക് പരിശീലനം നൽകണമെന്ന് നിർദ്ദേശിച്ചു. ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെ കീഴിൽ ഏപ്രിൽ മാസം ആദ്യത്തോടെ എല്ലാ മിഷൻ ഫീൽഡുകളിലും പുതിയ പാഠ്യ പദ്ധതിപ്രകാരം സൺഡേ സ്ക്കുളുകൾ തുടങ്ങുവാനും അവയെ ഗ്രെയ്സ് ചിൽഡ്രൻസ് ക്ലബ്ബ് (GCC) എന്ന് നാമകരണം ചെയ്യുവാനും തീരുമാനിച്ചു. മാർച്ച് മാസത്തിൽ തന്നെ അതതു സംസ്ഥാനങ്ങളിലെ അദ്ധ്യാപകർക്കായുള്ള ട്രെയിനിംഗ് ക്ലാസ്സുകൾ കോ-ഓർഡിനേറ്റർമാർ ക്രമീകരിക്കണമെന്നും നിർദ്ദേശം നൽകി.

വേദപഠനത്തിന് കുഞ്ഞുങ്ങളിൽ ഉളവാക്കുവാൻ കഴിയുന്ന മൂല്യാവബോധത്തെക്കുറിച്ചും അത് ക്രൈസ്തവ സമൂഹത്തിന് എപ്രകാരം പ്രയോജന പ്രദമാകുമെന്നതിനെക്കുറിച്ചും വ്യക്തമായ സന്ദേശങ്ങൾ നൽകികൊണ്ട് മൂന്ന് നാൾ നീണ്ടുനിന്ന 'സൺഡേ സ്ക്കൂൾ' നേതൃത്വ പരിശീലന ക്യാമ്പിന് തിരശ്ശീല വീണു.









*1. പ്രസ്തുത സമ്മേളനത്തിൽ ക്ലാസ്സുകൾ നയിച്ച റവ. ഡോ. ഐപ്പ് ജോസഫ് (ജനറൽ സെക്രട്ടറി, ആൾ ഇന്ത്യ സൺഡേ സ്ക്കൂൾ അസോസിയേഷൻ); 2, 3, 4 'സൺഡേ സ്ക്കൂൾ' ലീഡർഷിപ്പ് ട്രെയിനിംഗിന്റെ വിവിധ ദൃശ്യങ്ങൾ*

## സഹോ. ഡി.ജെ. അജിത്കുമാർ സന്ദേശം നൽകുന്ന യോഗങ്ങൾ

| | | |
|---|---|---|
| 2011 ഏപ്രിൽ 7,8,9,10 | : | തിരുവനന്തപുരം, പളുകൽ, C.S.I ഡിസ്ട്രിക്റ്റ് കൺവെൻഷൻ |
| 2011 ഏപ്രിൽ 28,29,30, മേയ് 1 | : | മീററ്റ്, ഉത്തർ പ്രദേശ് |
| 2011 മേയ് 5,6,7,8 | : | ദിൽഷാദ് ഗാർഡൻ, ഈസ്റ്റ് ഡൽഹി |



## ധ്യാന വചനം

പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്.

നിന്റെ എല്ലാവഴികളിലും അവനെ നിനച്ചുകൊൾക അവൻ നിന്റെ പാതകളെ നേരെയാക്കും; (സദൃ. 3:5,6)



രാജൻ ജെ. ആഷെർ

# “.......നമുക്കു കുറ്റം വരും”

**“നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാന ദിവസമാണ്; നാം മിണ്ടാതിരിക്കുന്നു; നേരം പുലരും വരെ താമസിച്ചാൽ നമുക്കു കുറ്റം വരും” (2രാജാ. 7:9). നാലു കുഷ്ഠരോഗികളുടെ കുറ്റ ബോധത്തിന്റെ വാക്കുകൾ.**

**“നാം** ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാന ദിവസമാണ്; നാം മിണ്ടാതിരിക്കുന്നു; നേരം പുലരും വരെ താമസിച്ചാൽ നമുക്കു കുറ്റം വരും” (2രാജാ. 7:9). നാലു കുഷ്ഠ രോഗികളുടെ കുറ്റ ബോധത്തിന്റെ വാക്കുകൾ.

അവർ പട്ടണത്തിനു വെളിയിലായിരുന്നു. അവിടെയാണവരുടെ സ്ഥാനം. പട്ടിണിക്കോലങ്ങൾ! പക്ഷെ അന്നു പട്ടണത്തിനകത്തും പട്ടിണി തന്നെ, മക്കളെ പുഴുങ്ങിത്തിന്നുന്ന തലത്തിലേക്കു പതിച്ച പട്ടിണി(2 രാജാ 6:29). അരാമ്യ സേനയാണു നഗരത്തെ പിടിച്ചടക്കിയിരിക്കുന്നത്. ശത്രുവിന്റെ ആക്രമണവും അധിനിവേശവുമൊക്കെയാണു പട്ടിണിക്കും അരിക്ഷ്ടതയ്ക്കും കാരണം (2 രാജാ. 6: 24, 7: 20). കുഷ്ഠ രോഗികളായ അവർക്ക് അകത്തു പ്രവേശനമില്ല, വാസം പുറത്തുതന്നെ. അകത്തായാലും പുറത്തായാലും മരണം നിശ്ചയം. അവരെ ആർക്കും വേണ്ട. അവർക്കുവേണ്ടി ചിന്തിക്കാനും കരുതുവാനും ആരുമില്ല. ഒരു പ്രതീക്ഷയും ബാക്കിയില്ല. മരണം നിശ്ചയമെങ്കിൽ ഇവിടെ വച്ചായാലെന്ത്? അകത്തു വെച്ചായാലെന്ത്? അവർ അകത്തു ചെന്നു, ശത്രു പാളയത്തിനകത്ത്. വെറും ഒരാവേശമായിരുന്നു.

അവിടെ ശത്രുക്കളില്ല. അരാമ്യ പട (2രാജ. 7:1, സങ്കീ. 6:6) ദൈവം കേൾപ്പിച്ച ശബ്ദം (ആരവം) കേട്ടു പേടിച്ചോടിപ്പോയിക്കഴിഞ്ഞിരിക്കുന്നു. ഇഷ്ടം പോലെ ആഹാരം. വെള്ളിയും പൊന്നും വസ്ത്രങ്ങളും വേറെ. ആദ്യം തീറ്റയായിരുന്നു, കുടിയും. ഇഷ്ടം പോലെ തിന്നു കുടിച്ചു. വീണ്ടും ബാക്കി ധാരാളം. പിന്നീടവർ വെള്ളിയും പൊന്നും വസ്ത്രങ്ങളും വാരി കൂട്ടാൻ തുടങ്ങി. ബുദ്ധിമാന്മാരാണവർ കിട്ടിയതൊക്കെ സ്വന്തമാക്കി പുറത്തിറങ്ങി ഒരിടത്തു കൊണ്ടൊളിപ്പിച്ചുവച്ചു. പോരാ! മടങ്ങിവന്നു മറ്റൊരു കൂടാരത്തിൽക്കയറി. അവിടെയും അതുതന്നെ ചെയ്തു. പിന്നെയും പിന്നെയും കൂടാരങ്ങൾ! എല്ലാറ്റിലും നിറയെ പണ്ടങ്ങളും. മാത്രമല്ല പുറത്തു കുതിരകളും കഴുതകളും വേണ്ടുവോളമുണ്ടു, കയറി ഓടി രക്ഷപ്പെടാൻ.

## നമ്മുടെ സ്ഥിതി

ഒന്നോർത്താൽ നമ്മളും ഇങ്ങനെതന്നെ. പാപകുഷ്ടം പിടിച്ചു ദൈവിക പാളയത്തിനു പുറത്തു, നാശകരമായ കുഴിയിൽ കുഴഞ്ഞ ചേറ്റിൽ (സങ്കീ. 40:1) മൃത പ്രായരായി ഗതിയില്ലാതെ ആശയുമാശ്വസവുമറ്റു മുങ്ങിത്താണു കൊണ്ടിരുന്നവർ! ആത്മദാഹവും വിശപ്പുമകറ്റാൻ മാർഗ്ഗമില്ലാതെ വഴിയോരത്തു മുറിവേറ്റു കിടന്നവർ! ഭാഗ്യവശാൽ ദൈവസ്നേഹം തിരിച്ചറിഞ്ഞു തേടിവന്നു കണ്ടെത്തി കരകയറ്റി ക്രിസ്തുവെന്ന പാറമേൽ നിറുത്തി ശുദ്ധരാക്കി വസ്ത്രം ധരിപ്പിച്ചു സമൃദ്ധിയുടെ വിരുന്നു ശാലയിലേക്കു കൈപിടിച്ചു നടത്തി, സ്വർഗ്ഗീയമായ സകല അനുഗ്രഹങ്ങളുടെയും അവകാശം തന്നു, സൗജന്യമായി.

‘‘നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലിവിളിച്ചിരിക്കുന്നു” (യെശ. 45:4).

“നിങ്ങൾ എന്നെതെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു” (യോഹ. 15:16).

“നാം തന്നെയോ നമ്മുടെ പ്രവൃത്തികളോ അല്ല കാരണം” (എഫെ. 2:8,9 തീത്തൊ. 3:5).

**ഇതാകുന്നു സുപ്രസാദകാലം, ഇതാകുന്നു രക്ഷാദിവസം (2കൊരി. 6:2) എന്നറിയുന്ന, ആത്മീയ വിശപ്പും ദാഹവും മാറിയ നാം നിസംഗരായി കാത്തിരിക്കുകയാണ്. ഇരുട്ടിൽ വഴുവഴുപ്പിൽ മുറിവേറ്റ്, മൃതപ്രായനായി വിശന്നു വിലപിക്കുന്ന ലോകം! അസ്വസ്ഥത ദ്രുതഗതിയിൽ പടരുന്നു. യുദ്ധങ്ങളും മഹാവ്യാധികളും അനിയന്ത്രിതങ്ങളായി പെരുകുന്നു. നിരാശ പൂണ്ടു പരിഭ്രാന്തരായ ജനത പുതിയ പുതിയ രോഗങ്ങൾ പ്രതിസന്ധികൾ മനുഷ്യനെ വീർപ്പുമുട്ടിക്കുന്നു. ഇരുട്ട് അതിവേഗം വ്യാപിക്കുന്നു. ആശ്വാസത്തിനായി സമാധാനത്തിനായി, ഒരിറ്റു സ്നേഹത്തിനായി ലോകം കാതു കൂർപ്പിച്ചു കാത്തിരിക്കുന്നു.**

ഇതൊക്കെ ഏറ്റു പറഞ്ഞു വാചാലമായി പ്രസംഗിക്കാൻ നമുക്കു വലിയ ആവേശമാണ്. എത്രയെത്ര നന്മകൾ! എണ്ണി എണ്ണി സ്തുതിക്കാൻ നമുക്കൊരു വൈമുഖ്യവുമില്ല. നാം ദൗത്യം മറക്കുന്നു.

ആ കുഷ്ട രോഗികളെപ്പോലെ കണ്ടതും കിട്ടിയതും കൈക്കലാക്കി ഒളിപ്പിക്കുകയാണു നാമും. ദൈവസ്നേഹത്തിന്റെ, കരുതലിന്റെ, ദാനങ്ങളുടെ സമൃദ്ധിയിൽ തിമിർക്കുന്ന നാം തിന്നു കുടിച്ചു, വെള്ളിയും പൊന്നും വസ്ത്രങ്ങളും ഒളിപ്പിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന കാര്യത്തിൽ, കൂടാരത്തിൽ നിന്നു കൂടാരത്തിലേക്കുള്ള പരക്കം പാച്ചിലിൽ ഈ കുഷ്ടരോഗികളെക്കാൾ മുന്നിലാണ്; വളരെ മുന്നിൽ. കുതിരകളെയും കഴുതകളെയുമുപയോഗിച്ച് ഓടി രക്ഷപ്പെടുകയാണു നാമും എറ്റവും സുരക്ഷിതമായ രാജ്യം; അതാണു നമ്മുടെ ലക്ഷ്യം.

പക്ഷെ പ്രകടമായ ഒരു വ്യത്യാസം! നമ്മോടുകൂടെയുണ്ടായിരുന്നവർ, പാപാന്ധകാരത്തിൽ നമ്മുടെ കൂട്ടുകാരായിരുന്നവർ- അവർ ഇന്നും പട്ടിണിയിൽത്തന്നെ. അവർ“... നഗര വീഥികളിൽ തളർന്നു കിടക്കുന്നു, നിഹതന്മാരെപ്പോലെ പ്രാണൻ വിടുമ്പോഴും ആഹാരവും വീഞ്ഞും എവിടെ എന്നു ചോദിക്കുന്നു...... അപ്പം ചോദിക്കുന്നു, ആരും നുറുക്കിക്കൊടുക്കുന്നില്ല” (വിലാ. 2:11, 12, 4:4).

നാം അവരെ കാണുന്നില്ല. കണ്ടാലും കാണാത്തതുപോലെ നടക്കുന്നു. അതാണു സൗകര്യവും പ്രായോഗികവും എന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. അവരെപ്പറ്റി ചിന്തിക്കുവാൻ, ഭാരപ്പെടുവാൻ, കരുതുവാൻ നമുക്കു സമയമെവിടെ? കൂടുതൽ നേടാൻ ശക്തിയും ബലവും പ്രാപിക്കുവാൻ വീണ്ടും വിടുതൽ അനുഭവിക്കാൻ നാം കൂടാരങ്ങൾ കയറിയിറങ്ങുകയല്ലേ? എവിടെപ്പോയിട്ടും നമുക്കു തൃപ്തി വരുന്നില്ല. നമുക്കു നിറഞ്ഞിട്ടുവേണ്ട മറ്റുള്ള വരുടെ കാര്യം?

“രാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും” (മത്തായി 24:14). അതു ദൈവത്തിന്റെ പദ്ധതി.

പ്രസംഗിക്കപ്പെടണം അതാണു നമ്മുടെയും ആഗ്രഹം. എല്ലാരും ക്രിസ്ത്യാനികളാകണം. നാമെപ്പോഴും പ്രാർത്ഥിക്കാറുള്ളതാണ് - പിന്നെ ഭൂലോകത്തൊക്കെയും എന്നു പറഞ്ഞാൽ കൊള്ളാമെന്നുള്ള വല്ല ഇടവുമാണെങ്കിൽ നമുക്കു പോകാനും ഉത്സാഹമുണ്ട്.

## കുഷ്ടരോഗികളുടെ ദൗത്യം

പക്ഷേ, അന്ന്, ആ കുഷ്ടരോഗികൾ തമ്മിൽത്തമ്മിൽ പറഞ്ഞു: നാം മിണ്ടാതിരിക്കുന്നു (we are keeping it to ourselves) നേരം പുലരും വരെ താമസിച്ചാൽ നമുക്കു കുറ്റം വരും. ആകയാൽ നാം ചെന്ന് അറിവുകൊടുക്കുക. അങ്ങനെ അവർ പട്ടണ വാതിൽക്കൽച്ചെന്നു വിശന്നു വശം കെട്ട പട്ടണവാസികൾക്കു സമൃദ്ധിയുടെ കലവറ തുറന്നുകൊടുത്തു. അവരുടെ പട്ടണത്തെ ഉപരോധിച്ചിരുന്ന അരാമ്യപ്പട ഒളിച്ചോടിയ കാര്യം അവർക്കപ്പോഴും അജ്ഞാതമായിരുന്നു. നാളെ ശേക്കലിന് ഒരു സെയാ കോതമ്പുമാവും ശെക്കെലിനു രണ്ടു സെയാ യവവും വിൽക്കുമെന്നു പ്രവചിച്ച (2 രാജാ. 7:1) പ്രവാചകനെ പ്രാകിക്കൊണ്ടിരിക്കുകയാണു ജനം. എന്നാൽ കുഷ്ടരോഗികൾ അവർക്കു സുവാർത്താ ദൂദികളായി; ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികളും.

അരാചകത്വം വാഴുന്ന തലമുറ, പുത്തൻ പ്രവണതകൾ, പരിചയങ്ങൾ, പരീക്ഷണങ്ങൾ പരിഷ്കാരങ്ങൾ എല്ലാം തകർത്തെറിയുന്നു, എല്ലാം മരീചികയാവുകയാണ്. സംതൃപ്തിയാണവരുടെ ലക്ഷ്യം; ആശ്വാസമാണവർ തേടുന്നത്. മൃത്യുമേക്കുന്ന, പാതാളത്തിന് ഏല്പിക്കപ്പെട്ട ആടുകൾ; കൊലയ്ക്കായി വിറച്ചു ചെല്ലുകയാണവർ (സങ്കീ 49:14, സദൃ. 24:1).

## യേശു അതു നിവർത്തിച്ചു

യേശു, അതിക്രമങ്ങളൊക്കെയും ക്ഷമിച്ചു ചട്ടങ്ങളാൽ വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു വാഴ്ചകളെയും അധികാരങ്ങളെയും ആയുധ വർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യ കാഴ്ചയാക്കി(കൊലൊ. 2:14,15) മനുഷ്യർക്കെല്ലാം സ്വാതന്ത്ര്യം വിളമ്പരം ചെയ്ത കാര്യം അവർക്കറിഞ്ഞുകൂടാ. ദൈവം ലോകത്തിന് അവരുടെ ലംഘനങ്ങളെകണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു (2 കൊരി. 5:19a). ആ നിരപ്പിന്റെ വചനം നമ്മുടെ പക്കൽ ഭരമേൽപ്പിരിക്കുന്നു (2 കൊരി. 5:19b). അടിമത്വത്തിന്റെ ചങ്ങല തകർത്തതും ശത്രുത അവസാനിച്ചതും നമുക്കുചുറ്റുമുള്ളവർക്ക് അറിഞ്ഞുകൂടാ. അതുകൊണ്ടുതന്നെ അവർ ബന്ധനത്തിലാണ്. അടിമത്തത്തിന്റെ ആ രോദനം,അവരുടെ തേങ്ങലുകൾ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നില്ല. ആ കുഷ്ട രോഗികളുടെയത്രയെങ്കിലും നന്മ-കനിവ്- നമുക്കില്ല. അവരെ തള്ളിക്കളഞ്ഞ, പുറത്താക്കി

*(ശേഷം അടുത്ത പേജിൽ)*

# ഭാരതം കാത്തിരിക്കുന്നു

35

# റോബർട്ട് ഡി നൊബിലി

*സരള ഓസ്റ്റിൻ*

**1577** സെപ്റ്റംബർ മാസത്തിൽ പിയർ ഫ്രാൻസെസ്ക്കോ ഡി. നൊബിലിയുടെയും ക്ലാരീസ് സിയോലിയുടെയും മകനായി റോബർട്ട് ഡി. നോബിലി ജനിച്ചു. സാമ്പത്തികമായും സാമൂഹ്യമായും ഔന്നത്യം പുലർത്തിയിരുന്ന കുടുംബമായിരുന്നു നൊബിലിയുടേത്. റോമിലെ ഏറ്റവും ഉർന്ന സ്കൂളിലും കോളേജിലുമാണ് അദ്ദേഹം വിദ്യാഭ്യാസം ചെയ്തിരുന്നത്.

ലോകത്തിന്റെ വിവിധയിടങ്ങളിൽ ജസ്യൂട്ട് മിഷണറിമാർ ചെയ്യുന്ന സ്തുത്യർഹമായ നിസ്വാർത്ഥ സേവനത്തെക്കുറിച്ചറിഞ്ഞ നൊബിലിയുടെ പിഞ്ചു മനസ് സുവിശേഷ തൽപരതയാൽ നിറയുകയായിരുന്നു. എന്നാൽ തന്റെ ബന്ധുകൾക്ക് ഈ ആഗ്രഹം ഉൾക്കൊള്ളാനായില്ല. പ്രത്യേകിച്ച് നൊബിലിയുടെ മാതുലനായ ഫ്രാൻസെസ്കോ സ്ഫോർഡയ്ക്ക്. ഫ്രാൻസെസ്ക്കോ ലഭ്യമായ അവസരങ്ങളിലെല്ലാം നൊബിലിയുടെ ആഗ്രഹത്തെ നിരുൽസാഹപ്പെടുത്താൻ ശ്രമിച്ചു.

സ്വന്തം ഭവനക്കാർ തന്റെ ആഗ്രഹത്തെ മാനിക്കുന്നില്ലെന്നറിഞ്ഞ നൊബിലി ഒരുനാൾ വീടു വിട്ടിറങ്ങി. മൈലുകൾ താണ്ടി ഒടുവിൽ നോസറായിലെ ഡ്യൂക്കിന്റെ ഭാര്യ അന്നാ കാറാഫയുടെ വീട്ടിൽ അഭയം തേടി. അവരോട് നൊബിലി തന്നെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ വെളിപ്പെടുത്തിയില്ലെങ്കിലും മുടങ്ങിപ്പോയ നൊബിലിയുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സഹായിക്കാമെന്ന് കാറാഫ സമ്മതിച്ചു.

അന്നാ കാറാഫയുടെ ഭവനത്തിൽ പാർത്തുകൊണ്ട് നൊബിലി ഇടയ്ക്കു വച്ച് നിർത്തേണ്ടിവന്ന വിദ്യാഭ്യാസം തുടർന്നു. കാറാഫയ്ക്ക് നൊബിലി സ്വന്തം മകനെപ്പോലെയായിരുന്നു. അവിടെ രഹസ്യത്തിൽ കഴിച്ചു കൂട്ടിയ നൊബിലി ഒരിക്കൽ നേപ്പിൾസിലുള്ള ജസ്യൂട്ട് ദൈവാലയത്തിൽ കുർബാനയിൽ പങ്കെടുക്കവെ ഒരു റോമൻ എമിസറിയാൽ തിരിച്ചറിയപ്പെട്ടു. നൊബിലിയുടെ കുടുംബ പശ്ചാത്തലവും ഒരു പുരോഹിതനാകണമെന്ന തന്റെ ആഗ്രഹവും അറിഞ്ഞ കാറാഫ ഈ കാര്യത്തിൽ നൊബിലിയെ സഹായിക്കാൻ തയ്യാറായി. അവൾ തനിക്കുണ്ടായിരുന്ന സ്ഥാനം അതിനായി വിനിയോഗിച്ചു. നൊബിലിയുടെ ഭവനത്തിലേക്കു ധാരാളം കത്തുകൾ അയച്ചു. ഒടുവിൽ നൊബിലിക്ക് ഈശോ സഭയിൽ ചേരാനുള്ള അനുവാദം നേടിക്കൊടുത്തു.

1599-ൽ നൊബിലി പഠനത്തിന്റെ ഭാഗമായി ലോജിക്, സയൻസ്, ആസ്ട്രോണമി, മെറ്റാഫിസിക്സ്, സൈക്കോളജി, എത്തിക്സ് എന്നിവയിൽ നൈപണ്യം നേടി. 1603-ൽ ഒരു പുരോഹിതനായി ഓർഡിനേഷൻ ലഭിച്ചു.

നൊബിലിയുടെ ഇന്ത്യയിലേയ്ക്കു പോകാനുള്ള തീരുമാനം ഭവനത്തിന്റെ എതിർപ്പുകൾക്കു കാരണമായി. ക്രമേണ എതിർപ്പുകൾ ശമിച്ചു. ഒടുവിൽ 1603-ൽ നൊബിലി ഭവനത്തിലേക്കു പോയി. ഇതിനിടെ തന്റെ പിതാവ് ഈ ലോകത്തോടു വിട പറഞ്ഞു. മാതാവിനോടും സഹോദരങ്ങളോടും വിട പറഞ്ഞ് നൊബിലി എന്നന്നേയ്ക്കുമായി ഭവനത്തിന്റെ പടികളിറങ്ങി. അക്കാലത്ത് രാജാവിന്റെ അനുമതി കൂടാതെ ആർക്കും ഇന്ത്യയിലെത്താൻ സാധ്യമല്ലാത്തതിനാൽ അയാൾ പോർട്ടുഗലിലേയ്ക്കു തിരിച്ചു. രാജാവിന്റെ സമ്മതം നേടി ഇന്ത്യയിലേക്കു തിരിച്ച നൊബിലി 1605 മേയ് 20-ന് ഗോവയിലെത്തി.

ഇന്ത്യൻ മണ്ണിൽ കാലു കുത്തിയ നൊബിലി ചില മാസങ്ങൾ ഗോവയിലുള്ള സെന്റ് പോൾസ് കോളേജിൽ കഴിഞ്ഞു. അദ്ദേഹത്തെ കന്യാകുമാരിയിലേയ്ക്കു നിയോഗിച്ചു. അവിടെ വച്ച് നൊബിലി തമിഴ് നന്നായി കൈകാര്യം ചെയ്യാൻ പഠിച്ചു. അക്കാലത്ത് മധുരയിൽ ഒരു ജസ്യൂട്ട് ദേവാലയവും ഒരു പ്രാഥമിക വിദ്യാലയവും ഫാദർ ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്നു. 1606-ൽ നൊബിലി മധുരയിലേക്കു നിയമിക്കപ്പെട്ടു. ഫാദർ ഫെർണാണ്ടസിന്റെ ഒപ്പം താമസിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. മിഷൻ സ്കൂളിൽ അധ്യാപനം നടത്തിയിരുന്ന ഒരു ഹിന്ദു ഗുരുവിൽ നിന്നും ഹിന്ദു ജീവിത രീതികളേയും മതാചാരങ്ങളേയും പറ്റിയുള്ള ഉൾക്കാഴ്ച ലഭിച്ച നൊബിലിക്കു ഹിന്ദുമതവും ക്രിസ്തു മതവും തമ്മിലുള്ള അന്തരം ബോധ്യമായി പരമ്പരാഗത രീതി ഉപയോഗിച്ചുള്ള സുവിശേഷീകരണം അപ്രായോഗികമാണെന്നും തനിക്ക് ബോധ്യമായി.

അന്നുവരെ ഇന്ത്യൻ ബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം ക്രിസ്തുമതം ഒരു വിദേശമതമായിരുന്നു. അവരുടെ കണ്ണിൽ ക്രിസ്ത്യാനികൾ മാംസാഹാരികളും മദ്യപാനികളും അയഞ്ഞ ജീവിതത്തിന് ഉടമകളും ആയിരുന്നു. അവർ ക്രിസ്ത്യാനികളെ പറങ്കികൾ എന്ന് സംബോധന ചെയ്തു. ഈ സാഹചര്യങ്ങൾ വിലയിരുത്തിയ നൊബിലി താൻ ഇന്ത്യയിലെ ക്ഷത്രിയർക്ക് തുല്യമാണെന്ന് വാദിക്കുക മാത്രമല്ല കാവി ധരിച്ച് നെറ്റിയിൽ തിലകം ചാർത്തി തലയിൽ കുടുമയും വച്ച് ഒരു സന്യാസി ഗുരുവായിത്തീർന്നു. വേഷ, ഭൂഷണ ഭക്ഷണാദികളിൽ ഈ മാറ്റം പ്രകടമായി. ഓല മേഞ്ഞ ഒരു ആശ്രമം നിർമ്മിച്ച് അവിടെയെത്തുന്നവരുമായി മതസംവാദത്തിൽ ഏർപ്പെട്ടു. പൂണൂൽ ധാരിയായ ഈ ക്രിസ്തു സന്യാസിയെ ഉൾക്കൊള്ളാൻ ഇന്ത്യൻ ജനങ്ങൾക്ക് സാധിച്ചു. ആയിരങ്ങൾ നൊബിലിയെ ഒരു ഗുരുവായി അംഗീകരിച്ച് ആശ്രമത്തിൽ സാന്ത്വനം തേടിയെത്തി.

ഭാരതീയർ നൊബിലിയിലൂടെ യേശുവിനെ കണ്ടെത്തിയപ്പോൾ തന്റെ സഹപ്രവർത്തകർ നൊബിലിയിൽ ദർശിച്ചത് ഒരു വിധ്വംസക പ്രവർത്തകനെ ആയിരുന്നു. അവർ മേലധികാരികളോട് പരാതിപ്പെട്ടു. എങ്കിലും നൊബിലി പ്രവർനങ്ങൾ തുർന്നു. സംസ്കൃത ഭാഷയിൽ നൈപുണ്യം നേടി, വേദങ്ങൾ ഹൃദിസ്ഥമാക്കി. തന്റെ അരികിലെത്തിയ പണ്ഡിതരായ ആളുകളോട് താത്വികമായി സംസാരിച്ചു. ഇതിനിടെ 1610-ൽ ഫാദർ വിക്കോ നൊബിലിയുടെ സഹായത്തിനായെത്തി. ധാരാളം അനുയായികളെ ലഭിച്ചെങ്കിലും ചില ബ്രാഹ്മണർ നൊബിലിക്ക് നേരെ ആക്രമണം അഴിച്ചു വിട്ടപ്പോൾ താൻ ഒരു പറങ്കി അല്ലെന്ന് ഓലയിൽ എഴുതി ആശ്രമത്തിന്റെ മുമ്പിലുള്ള ഒരു മരത്തിൽ വഴിപോക്കർക്ക് വായിക്കത്തക്കതുപോലെ വച്ചു. ഈ പ്രവൃത്തി തന്റെ സഹ പ്രവർത്തനകരുടെ വൈരം വർദ്ധിപ്പിച്ചു. ബിഷപ്പിന്റെ പ്രത്യേക അനുമതി ലഭ്യമായിട്ടാണ് ഇത്തരം പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചതെങ്കിലും ഫാദർ ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ അവർ ഗോവയിലുള്ള ദൈശാസ്ത്രജ്ഞന്മാരുമായി കൂടിയാലോചിച്ച് നൊബിലിക്കും തന്റെ പ്രവർത്തനത്തിന്റെ പ്രധാന ഭാഗമായ 'അനുരൂപീകരണ'ത്തിനും എതിരായി റോമിലേയ്ക്ക് പരാതി അയച്ചു. 1615-ൽ ഗോവയിലെ ആർച്ച് ബിഷപ്പ് നൽകിയ പരാതിയെത്തുടർന്ന് 1619-ൽ ഗോവയിൽ വച്ച് നടത്തപ്പെട്ട സുന്നഹദോസിൽ നൊബിലിയെ വിളിപ്പിക്കുകയും അനുരൂപീകരണ പദ്ധതിക്കെതിരെ പ്രമേയം പാസ്സാക്കുകയും ചെയ്തു. എന്നാൽ 1623-ൽ പോപ്പ് ഗ്രിഗറി XV-ാമൻ നൊബിലിയുടെ വാദങ്ങൾ അംഗീകരിച്ചു.

നൊബിലി തന്റെ പ്രവർത്തനം മധുരയിൽ മാത്രം ഒതുക്കാൻ ഇച്ഛിച്ചില്ല. 1623-ൽ മധുര സഭ ഫാദർ വിക്കോയെ ഏൽപ്പിച്ചിട്ട് താൻ തൃശ്നാപ്പള്ളിയിലേയ്ക്കും പിന്നെ ഗോവയിലേയ്ക്കും പോയി. അവിടെയും ധാരാളം ആളുകൾ തന്നെ തേടിയെത്തി. നൊബിലി തന്റെ പ്രവർത്തനം ശൂദ്രർക്കിടയിൽ മാത്രമല്ല ആദിവാസികൾക്കിടയിലേയ്ക്കും വ്യാപിപ്പിച്ചു.

1640 -ൽ നൊബിലി വീണ്ടും മധുരയിൽ എത്തി. എന്നാൽ അവിടെ ഉളവായ പീഡനത്തിന്റെ ഭാഗമായി താൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. തടവിൽ നിന്നും വിമോചിതനായ നൊബിലി 1745-ൽ സിലോണിലെ ജാഫ്നയിലേയ്ക്കു പോയി. കണ്ണുകളുടെ കാഴ്ച ഏറെക്കുറെ നഷ്ടമായെങ്കിലും അവിടെയുള്ള ജസ്യൂട്ട് മിഷന്റെ തലവനായി 2 വർഷം കഴിഞ്ഞു. പിന്നീട് നൊബിലി മൈലാപ്പൂരിലേയ്ക്കു അയയ്ക്കപ്പെട്ടു. വാർദ്ധക്യ സഹജമായ തളർച്ചകൾ ഏറ്റുവാങ്ങി അവിടെ ഒരു ആശ്രമം നിർമ്മിച്ച് ശിഷ്ടകാലം കഴിച്ചുകൂട്ടിയ നൊബിലി 1656-ൽ അവസാനത്തെ ശ്വാസം വലിച്ചപ്പോൾ കാഷായ വസ്ത്രധാരിയായ ആ ക്രിസ്തു സന്യാസി ചരിത്രത്താളുകളിൽ ഒരു വെള്ളിനക്ഷത്രമായി മാറി.

ഇന്ത്യൻ മണ്ണിന്റെ സ്വഭാവ വൈശിഷ്ട്യമറിഞ്ഞ് സുവിശേഷത്തിന്റെ വിത്തു വിതച്ച, ജീവിതത്തിന്റെ ഔന്നത്യങ്ങൾ വെടിഞ്ഞ് ലളിത ജീവിതം പിൻതുടർന്ന നൊബിലിയെപ്പോലുള്ള ധീരയോദ്ധാക്കൾക്കായി ഭാരതം കാത്തിരിക്കുന്നു. ●

---

8-ാം പേജിന്റെ തുടർച്ച...

പടിയടച്ച, ഒരു സമൂഹത്തിനാണവർ സദ്വർത്തമാനമെത്തിച്ചത്. നാം നിരപ്പിന്റെ സദ്വചനം പ്രഘോഷിക്കുന്നുണ്ടോ?

### ഇതു സുപ്രസാദകാലം

ഇതാകുന്നു സുപ്രസാദകാലം, ഇതാകുന്നു രക്ഷാദിവസം (2 കൊരി. 6:2) എന്നറിയുന്ന, ആത്മീയ വിശപ്പും ദാഹവും മാറിയ നാം നിസംഗരായി കാത്തിരിക്കുകയാണ്. ഇരുട്ടിൽ വഴുവഴുപ്പിൽ മുറിവേറ്റ്, മൃതപ്രായനായി വിശന്നു വിലപിക്കുന്ന ലോകം! അസ്വസ്ഥത ദ്രുതഗതിയിൽ പടരുന്നു. യുദ്ധങ്ങളും മഹാവ്യാധികളും അനിയന്ത്രിതങ്ങളായി പെരുകുന്നു. നിരാശ പൂണ്ടു പരിഭ്രാന്തരായ ജനത പുതിയ പുതിയ രോഗങ്ങൾ പ്രതിസന്ധികൾ മനുഷ്യനെ വീർപ്പുമുട്ടിക്കുന്നു. ഇരുട്ട് അതിവേഗം വ്യാപിക്കുന്നു. ആശ്വാസത്തിനായി സമാധാനത്തിനായി, ഒരിറ്റു സ്നേഹത്തിനായി ലോകം കാതു കൂർപ്പിച്ചു കാത്തിരിക്കുന്നു.

### നമുക്കു കുറ്റം വരും

ജീവന്റെ അപ്പം തിന്ന്, ജീവജലം കുടിച്ചു സമൃദ്ധമായ ആത്മീയ ജീവിതം നയിക്കുന്ന നാം കനിവറ്റ നിസംഗതയാണോ ഈ വിഷയത്തിൽ കാണിക്കുന്നത്? നേരം പുലരും എന്നു നമുക്കറിയാം. നീതിസൂര്യൻ രോഗോപശാന്തിയോടെ ഉദയം ചെയ്യുന്ന പൊൻ പുലരി (മലാ. 4:2)യാണു നമ്മുടെ പ്രത്യാശ. പുലരും വരെ താമസിച്ചാൽ നമുക്കു കുറ്റം വരും. നാമതു മറന്നുകൂടാ.

"ഒരുവൻ സത്യവാചകം കേട്ടിട്ട്, താൻ സാക്ഷിയായി കാണുകയോ അറിയുകയോ ചെയ്തത് അറിയിക്കാതെ അങ്ങനെ പാപം ചെയ്താൽ അവൻ തന്റെ കുറ്റം വഹിക്കണം". (ലേവ്യ. 5:1) മറ്റാരും ആ കുറ്റം വഹിക്കുകയില്ല. ●

ഭാഗം 63

# ക്രൈസ്തവസഭയുടെ ചരിത്രം

*എൻ. ജസ്റ്റിൻരാജ്*

ലണ്ടനിലെ ഹിച്ച് കോക്ക് ആന്റ് റോജേഴ്സ് കമ്പനിയിൽ അസിസ്റ്റന്റ് ജോലിയിൽ പ്രവേശിച്ച ജോർജിന്റെ ലക്ഷ്യം ലണ്ടൻ പട്ടണത്തിന്റെ സുവിശേഷീകരണമായി മാറി. തനിക്കറിയാവുന്ന ഓരോ വ്യക്തിയുടേയും പേരു പറഞ്ഞ് പ്രാർത്ഥിച്ചതിനുശേഷം ആ വ്യക്തിയോട് സുവിശേഷം പറയും. 1844- ജൂൺ 4-ാം തീയതി തന്റെ കമ്പനിയിലെ സഹ പ്രവർത്തകരായ ചില യുവാക്കൾ ജോർജിന്റെ മുറിയിൽ കൂടി വന്നു പ്രാർത്ഥിച്ചു. പന്ത്രണ്ടു പേരടങ്ങുന്ന ഈ യുവാക്കളുടെ കൂട്ടായ്മയാണ് യംഗ് മെൻസ് ക്രിസ്റ്റ്യൻ അസ്സോസിയേഷൻ (Young Mens Christian, Association, Y.M.C.A) എന്ന പേരിൽ ലോകം അറിയപ്പെടുന്ന കൈസ്തവ യുവജന സുവിശേഷീകരണ പ്രസ്ഥാനമായി മാറിയത്.

സഭാവിഭാഗ വ്യത്യാസമില്ലാതെ ക്രിസ്തീയ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുക, ക്രിസ്തുവിനായി യുവാക്കളെ നേടുക ഇതായിരുന്നു ജോർജ് വില്യംസ് ആഗ്രഹിച്ചത്. മിഷണറി ദർശനമുള്ള എല്ലായുവാക്കൾക്കും വൈ. എം.സി.എ.യിൽ അംഗത്വം നല്കി. ധാരാളം യുവാക്കൾ കൂടി വന്ന് വചന പഠനം പ്രാർത്ഥന, ചർച്ചകൾ എന്നിവ നടത്തി വന്നതിനാൽ കൂട്ടായ്മകൾ ശക്തിപ്പെടുകയും പ്രാർത്ഥനയുടെ പ്രകൃത്യാതീത ശക്തി അവർ അനുഭവിച്ചറിയുകയും ചെയ്തു. ലണ്ടനിൽ ഈ പ്രസ്ഥാനം തഴച്ചു വളർന്നു. താൻ ജോലി ചെയ്തിരുന്ന കമ്പനിയുടെ ചെയർമാനായ ഹിച്ച് കോക്കും ഈ പ്രാർത്ഥനയുടെ ഫലമായി ക്രിസ്തു വിശ്വാസം ഉൾക്കൊണ്ട് ഒരു പ്രാർത്ഥനാ പങ്കാളിയായി മാറി.

പ്രാർത്ഥനയോടൊപ്പം തന്റെ ജോലിയിലും വിശ്വസ്തനായിരുന്ന ജോർജിനെ ദൈവം മാനിച്ചു. അദ്ദേഹത്തിന്റെ കമ്പനിയിൽ അദ്ദേഹം ആദരണീയനായിത്തീരുകയും കമ്പനിയിൽ പാർട്ട്ണർ ഷിപ്പ് ലഭിക്കുകയും ചെയ്തു. 1853-ൽ കമ്പനി ചെയർമാന്റെ മകൾ ഹെലനുമായി തന്റെ വിവാഹം നടന്നു. ദൈവം അവർക്ക് ആറ് മക്കളെ നല്കി കുടുംബ ജീവിതം അനുഗ്രഹിച്ചു. വൈ.എം.സി. എയുടെ അമ്പതാം വാർഷിക സമ്മേളനത്തിൽ അതിന്റെ സ്ഥാപനായ ജോർജ് വില്യംസിന് 'സർ' പദവി നല്കി വിക്ടോറിയാ രാജ്ഞി ആദരിച്ചു. തന്റെ സമ്പത്തിന്റെ മുഖ്യ ഭാഗം മിഷണറി പ്രവർത്തിന് നല്കിയ അദ്ദേഹം, ബിസിനസ്സ് കാര്യങ്ങൾ മക്കളെ ഏല്പിച്ച് സുവിശേഷീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ലോകം എമ്പാടും അതിന്റെ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. തന്റെ 84-ാം വയസ്സിൽ 1905-നവംബർ 6-ാം തീയതി ക്രിസ്തുവിന്റെ ഭക്തനായ സർ ജോർജ് വില്യംസ് ഈ ലോക ജീവതത്തോട് വിടപറഞ്ഞ് തന്റെ കർത്താവിനോട് ചേർന്നു. പാപജീവിത്തിൽ മുഴുകി ലണ്ടൻ പട്ടണത്തിൽ ലക്ഷ്യബോധമില്ലാതെ നീങ്ങുന്ന യുവാക്കളെക്കണ്ട് ആത്മ ഭാരത്തോടെ ഒരു കാലത്ത് അദ്ദേഹം സ്വയം ഇപ്രകാരം ചോദിച്ചു. "ഈ യുവാ ക്കൾക്കു വേണ്ടി എനിക്കു എന്തു ചെയ്യുവാൻ കഴിയും?". ആത്മാർത്ഥതയോടെ ഹൃദയം തേങ്ങി ചോദിച്ച ആ ചോദ്യത്തിന് ദൈവം അദ്ദേഹത്തിന് നല്കിയ ഉത്തരമാണ് വൈ. എം. സി.എ എന്ന മഹത് പ്രസ്ഥാനം.

ഇതിന്റെ അനുബന്ധ പ്രസ്ഥാനമായി വൈ. ഡബ്ളിയു സി.എ. രൂപം കൊണ്ടു. ഉദ്യോഗസ്ഥരും ക്രൈസ്തവ ദർശനമുള്ളവരുമായ രണ്ട് സ്ത്രീകളായിരുന്നു അതിന് രൂപം നല്കിയത്. മിസ് റോർട്ടസ് 1855-ൽ ദക്ഷിണ ലണ്ടനിൽ ആരംഭിച്ച ഒരു പ്രാർത്ഥനാ സമാജവും, അതേ വർഷം ലേഡി കിന്നയാർഡ് എന്ന സഹോദരി ലണ്ടനിൽ ആരംഭിച്ച മറ്റൊരു സമാജവും ഒന്നായി വൈ. ഡബ്ളിയു.സി.എ (Y.W.C.A) ജന്മമെടുത്തു.

### പ്രസംഗകരുടെ പ്രഭു എന്നറിപ്പെടുന്ന സി.എച്ച്.സ്പർജൻ (A.D1861)

1834 ജൂൺ 19-ാം തീയതി ഇംഗ്ലണ്ടിലെ ഇസ്സേക്സിൽ സി. എച്ച്. സ്പർജൻ (Charles Haddon spurgeon) ജനിച്ചു. തന്റെ പിതാവ് ഒരു ബാപ്റ്റിസ്റ്റു സഭാശുശ്രൂഷകനായിരുന്നതിനാൽ ചെറുപ്പം മുതല്ക്കേ സ്പർജൻ ആത്മീയ അന്തരീക്ഷത്തിൽ വളർന്നു. ഒരു നല്ല ലൈബ്രറി വീട്ടിൽ ഉണ്ടായിരുന്നതിനാൽ ചെറുപ്പം മുതൽക്കേ പുസ്തകങ്ങൾ വായിക്കുന്നതിൽ താല്പര്യവാനായിരുന്നു. തന്റെ പതിനാറാമത്തെ വയസ്സിൽ ഒരു ചാപ്പലിൽ ദൈവ വചനപ്രസംഗം കേട്ട് പാപബോധം ഉണ്ടാവുകയും അവിടെ വച്ച് ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും തുടർന്നു വിശ്വാസ സ്നാനം സ്വീകരിക്കുകയും ചെയ്തു.

രക്ഷിക്കപ്പെട്ട വർഷം (1850) മുതൽക്കുതന്നെ സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചു. ഇംഗ്ലണ്ടിലെ ദേവാലയങ്ങളിലും, കവലകളിലും, മൈതാനങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു. ആത്മശക്തിയോടെയുള്ള അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ ഓടിക്കൂടിയ ജനങ്ങളിൽ മാനസ്സാന്തരം ഉണ്ടായി.

ഉപരിപഠനത്തിനായി കേംബ്രിഡ്ജിലേക്കു പോയതു മുതല്ക്കാണ് സ്പർജന്റെ പ്രസംഗ ശുശ്രൂഷയിൽ ഒരു വഴിത്തിരിവായത്. കേംബ്രിഡ്ജിലെ ബാപ്റ്റിസ്റ്റ് ചർച്ചിൽ ലേപ്രീച്ചേഴ്സ് ഫെലോഷിപ്പിൽ അദ്ദേഹം ഒരു സ്ഥിരം പ്രസംഗകനായി. പഠനത്തോടൊപ്പം പ്രസംഗവും ചെയ്തു പോന്നു. 1851-ൽ തന്റെ 17-ാമത്തെ വയസ്സിൽ ഒരു ബാപ്റ്റിസ്റ്റു ചർച്ചിൽ പാസ്റ്ററായും ശുശ്രൂഷിച്ചു. അദ്ദേഹം പാസ്റ്ററായതോടെ സഭയിൽ വിശ്വാസികൾ അധികമായി വർദ്ധിച്ചു.ാ

ഏതു ശുശ്രൂഷയും ചെയ്യുന്നതിലുള്ള തന്റെ സന്നദ്ധതയും പ്രാർത്ഥനയും വചന പഠനവും കർത്താവിനെ ലജ്ജ കൂടാതെ ഉയർത്തുന്നതിലുള്ള ആവേശവും തന്റെ ശുശ്രൂഷയുടെ വളർച്ചക്കു പിന്നിലെ രഹസ്യമായിരുന്നു. വളരെ പെട്ടെന്ന് തന്നെ പ്രസിദ്ധനായിത്തീർന്ന അദ്ദേഹത്തെ ലണ്ടനിൽ ബാപ്റ്റിസ്റ്റുകാരുടെ ഏറ്റവും വലിയ ന്യൂ പാർക്ക് സ്ട്രീറ്റ് ചർച്ചിൽ ശുശ്രുഷകനായി നിയോഗിച്ചു. വളരെ ഉന്നതരായ ആൾക്കാർ കൂടി വരുന്ന ഈ ചർച്ചിൽ വളരെ പ്രഗത്ഭരായ വേദ പണ്ഡിതന്മാരായിരുന്നു ശുശ്രൂഷകന്മാരായി നിയമിക്കപ്പെട്ടിരുന്നത്. 1853-ൽ അവിടുത്തെ പാസ്റ്ററായ അദ്ദേഹം മുപ്പത്തി ഏഴു വർഷത്തോളം ദീർഘമായി ശുശ്രൂഷിച്ചു. തന്റെ ശുശ്രൂഷ അനുഭവിക്കുവാൻ കടന്നു വരുന്ന ജനങ്ങളെ ഉൾക്കൊള്ളുവാൻ നിലവിലുള്ള സഭാഹോളിൽ ബുദ്ധിമുട്ടായപ്പോൾ ആറായിരത്തോളം പേർക്കിരിക്കാവുന്ന മെട്രോപോളിറ്റൻ ടാബർനാക്കിൾ എന്ന പുതിയ ഹോൾ 1861-ൽ നിർമ്മിച്ചു.

എല്ലാ ഞായറാഴ്ചയും ആയിരക്കണക്കിനുപേർ സ്പർജന്റെ പ്രസംഗം ശ്രവിക്കുകയും പത്രപ്രതിനിധികൾ ഈ പ്രസംഗം കുറിച്ചെടുത്ത് അടുത്ത ദിവസത്തെ പത്രത്തിൽ പൂർണ്ണമായും ആ പ്രസംഗം പ്രസിദ്ധീകരിക്കുകയും ചെയ്യും. ആയിരങ്ങൾ ഈ പ്രസംഗം വായിച്ച് ആത്മീയ വളർച്ച പ്രാപിച്ചു. ഓരോ പ്രസംഗത്തിലും പുതിയ ചിന്തകൾ നല്കിയ സ്പർജൻ ഒരിക്കലും ഒരു പ്രസംഗം ആവർത്തിക്കുകയില്ലായിരുന്നു. അതോടെ അദ്ദേഹം 'പ്രസംഗകരുടെ പ്രഭു' എന്നറിയപ്പെട്ടു.

ഇത്രയേറെ പ്രശസ്തിയും അംഗീകാരവും ഉണ്ടായിട്ടും സ്പർജൻ എവിടേയും ഒരു സാധാരണ ശുശ്രൂഷകനും വിനയമുള്ള ഉപദേഷ്ടാവും, ആത്മഭാരമുള്ള സുവിശേഷകനും, ആടുകളെ അന്വേഷിക്കുന്ന ഇടയനുമായി നിലകൊണ്ടു. അതു തന്നെ ആയിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ വിജയവും.

മെട്രോപൊളിറ്റൻ ടാബർ നാക്കിളിന്റെ കീഴിൽ ഇരുപതിലധികം മിഷൻ സെന്ററുകളും മുപ്പതോളം സണ്ടേസ്ക്കൂളുകളും ആരംഭിച്ചു. ബൈബിൾ കോളേജ്, ലൈബ്രറി, ഓർഫനേജ് തുടങ്ങിയവയും ആരംഭിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി രണ്ട് ആനുകാലിക പ്രസിദ്ധീകരണങ്ങളും സഭയുടെ വകയായി ഉണ്ടായി. ഇതിൽ 'ദ മെട്രോപോളിറ്റൻ, ടാബർനാക്കിൾ പുൾപിറ്റ് വാരിക ഓരോ ആഴ്ചയും സ്പർജൻ നടത്തുന്ന പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. Treasury of David (ദാവീദിന്റെ ഭണ്ഡാരം) എന്ന അദ്ദേഹത്തിന്റെ പുസ്തകം ലോക പ്രശസ്തമായി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വേദ പണ്ഡിതരുടെ പഠന സഹായികളായി. കർത്താവിനു വേണ്ടി തന്റെ ജീവിതാന്ത്യം വരെ അദ്ധ്വാനിച്ച ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനായ സ്പർജൻ 1892 ജനുവരി 31-ാം തീയതി തന്റെ അൻപത്തി എട്ടാമത്തെ വയസ്സിൽ തന്റെ നിത്യ കൂടാരത്തിലേക്ക് കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. 'ബ്രിട്ടീഷ് വീക്കിലി'യുടെ പത്രാധിപരായ റോബർട്ട് സൺനിക്കോൾ സ്പർജനെ അനുസ്മരിച്ചുകൊണ്ട് എഴുതിയ വാചകം ഇപ്രകാരമായിരുന്നു: "എല്ലാ മേഖലകളിലും ഉള്ള ആയിരിക്കണക്കിന് ആളുകളുടെ ആദരവും സ്നേഹവും സമ്പാദിച്ച മറ്റൊരു ക്രിസ്തീയ സാരഥി എന്റെ ഓർമ്മയിൽ ഇല്ല".

**ഇത്രയേറെ പ്രശസ്തിയും അംഗീകാരവും ഉണ്ടായിട്ടും സ്പർജൻ എവിടേയും ഒരു സാധാരണ ശുശ്രൂഷകനും വിനയമുള്ള ഉപദേഷ്ടാവും, ആത്മഭാരമുള്ള സുവിശേഷകനും, ആടുകളെ അന്വേഷിക്കുന്ന ഇടയനുമായി നിലകൊണ്ടു. അതു തന്നെ ആയിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ വിജയവും... 'ബ്രിട്ടീഷ് വീക്കിലി'യുടെ പത്രാധിപരായ റോബർട്ട് സൺനിക്കോൾ സ്പർജനെ അനുസ്മരിച്ചുകൊണ്ട് എഴുതിയ വാചകം ഇപ്രകാരമായിരുന്നു: 'എല്ലാ മേഖലകളിലും ഉള്ള ആയിരിക്കണക്കിന് ആളുകളുടെ ആദരവും സ്നേഹവും സമ്പാദിച്ച മറ്റൊരു ക്രിസ്തീയ സാരഥ എന്റെ ഓർമ്മയിൽ ഇല്ല'.**

(തുടരും)




ഉണ്ണി അമ്മയമ്പലം

### അവിടുന്നല്ലോയെല്ലാം

കിഴക്കു ഉദയം വരുന്നതോ
എന്റെ യേശുവിൻ നാമം സ്തുതിക്കാൻ
വെയിൽ പരക്കും ചെടികൾ കാറ്റ-
ത്തുലഞ്ഞു പാടും സ്തുതികൾ

നാടും വീടും മണ്ണും മരവും
പാടും സ്തുകൾ കേൾക്കു...
നദിയും കടലും പർവതനിരകളും
നന്ദിപറഞ്ഞു സ്തുതിക്കുന്നു

എനിക്കു നല്കിയ മനുഷ്യ ജന്മം
നന്ദി പറഞ്ഞാൽ തീരില്ല
എനിക്കു നല്കിയ നന്മകൾക്കെല്ലാം
നന്ദി പറഞ്ഞാൽ തീരില്ല

അനന്ത സ്നേഹം നല്കുംദൈവ-
ഹൃദയമെത്ര മഹത്വം
അതോർക്കുകിൽ ഞാനെത്ര നിസാരം
അവിടുന്നല്ലോയെല്ലാം.

## സന്തോഷിക്കുവിൻ സന്തോഷിക്കുവിൻ

അപ്പോസ്തലനായ പൗലോസ് ലോക ജനത്തെ മുഖാമുഖം കാണുന്ന വചനമാണിത്. നമ്മൾ സദാ ക്രിസ്തു യേശുവിൽ സന്തോഷിക്കണം. അപ്പോൾ മറിച്ചൊരു ചോദ്യമുണ്ടാകാം. ദുഃഖമനുഭവപ്പെട്ടാൽ നാം എന്തു ചെയ്യണം? ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം, വിശുദ്ധവേദപുസ്തകമനുസരിച്ച് നിരന്തരം ദുഃഖമനുഭവിക്കാൻ അഥവാ ദുഃഖിച്ചിരിക്കാൻ നമുക്ക് അവകാശമില്ല. ബൈബിളിൽ അങ്ങനെയൊരു വ്യവസ്ഥ ദൈവം മുന്നോട്ടു വെയ്ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവം ശക്തിയുടെ, സമൃദ്ധിയുടെ പ്രത്യാശയുടെ ജീവിക്കുന്ന ദൈവമാണ് അതുകൊണ്ട് നമുക്കു സന്തോഷിക്കാം.

**കൊച്ചു കുട്ടികൾ എങ്ങനെ സന്തോഷിക്കുന്നു**

സന്തോഷം എന്നുപറയുന്നത് ഒരു സിനിമ കാണുമ്പോൾ ലഭിക്കുന്ന ആനന്ദമാണോ? അല്ല. ഒരു കോമഡി ഷോ കാണുമ്പോഴോ വില കുറഞ്ഞ തമാശകൾ കേൾക്കുമ്പോഴോ ലഭിക്കുന്ന സന്തോഷമല്ല യഥാർത്ഥ സന്തോഷം. അതായത് ഈ ലോകം നമുക്കു വെച്ചു നീട്ടുന്ന നിമിഷ നേരത്തെ സന്തോഷമല്ല നാം പരിഗണിക്കേണ്ടത്. മറിച്ച് ദൈവം നടന്നവഴികൾ കണ്ടെത്തുമ്പോൾ സന്തോഷിക്കാൻ കഴിയണം. ദൈവം പറഞ്ഞ വാക്കുകൾ കേൾക്കുമ്പോൾ സന്തോഷിക്കാൻ കഴിയണം. ദൈവത്തിന്റെ മക്കളെ കാണുമ്പോൾ തോന്നുന്ന സഹോദര സ്നേഹത്തിൽ സന്തോഷിക്കാൻ കഴിയണം.

കൊച്ചുകുട്ടികൾക്ക് ഇതെങ്ങനെ സാധിക്കും? നമുക്ക് കടമകളും അവകാശങ്ങളും ഉത്തരവാദിത്തങ്ങളുമുണ്ട്. അവ പൂർണമായും നിറവേറ്റുമ്പോൾ ദൈവഹിതാനുസരണം പ്രവർത്തിക്കുമ്പോൾ സന്തോഷിക്കാൻ സാധിക്കും.

അതെങ്ങനെ ? പറയാം.

ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഓരോ കുട്ടിയും പൂർണമായും അവന്റെ ഉത്തരവാദിത്തം നിറവേറ്റണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. രാവിലെ എഴുന്നേൽക്കുക, പ്രാർത്ഥിക്കുക, പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കുക. ആ ദിവസം ഒരു കുട്ടി ഏതെല്ലാം കാര്യങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ടോ അതെല്ലാം ദൈവത്തോടു ചേർന്നു നിന്ന് ഭംഗിയായി പൂർത്തിയാക്കുക. അപ്പോൾ ഉള്ളിന്റെയുള്ളിൽ അവനു ലഭിക്കുന്ന ഒരഭിമാനമുണ്ട്. ഒരു സംതൃപ്തിയുണ്ട്. ഒരു സന്തോഷമുണ്ട്. താൻ ദൈവത്തോടൊത്തു ചേർന്നു പ്രവർത്തിച്ചപ്പോൾ ലഭിച്ച സന്തോഷം. ഇത്തരം അനുഭവമാണ് യഥാർത്ഥ ആനന്ദം എന്നു പറയുന്നത്. ശ്രദ്ധിക്കുക ഞാൻ ഒറ്റയ്ക്കല്ല പ്രവർത്തിച്ചത്. ദൈവത്തോടൊപ്പം, ദൈവത്തിന്റെ ശക്തികൊണ്ട്, ദൈവത്തിന്റെ ബുദ്ധികൊണ്ട്, ദൈവത്തിന്റെ അറിവുകൊണ്ട്, ദൈവത്തിന്റെ സ്പർശം കൊണ്ട് ഞാൻ എന്റെ ഉത്തരവാദിത്തങ്ങൾ വളരെ ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

എനിക്കിനി സന്തോഷിക്കാം. ക്രിസ്തുയേശുവിൽ സന്തോഷിക്കാം. ഇങ്ങനെ കടമകൾ, കർത്തവ്യങ്ങൾ നിറവേറ്റുന്നവർക്കു ലഭിക്കുന്ന ഊർജ്ജമാണ് ദൈവിക ശക്തി. ഒരു ദിവസത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ദൈവത്തിന് നന്ദിപറഞ്ഞ്, കാണുന്നവയേയും, ചെയ്യുന്ന കാര്യങ്ങളേയും ദൈവത്തിന് സമർപ്പിച്ച് ദൈവിക ആനന്ദത്തിൽ പങ്കുചേരാം.

**ഇങ്ങനെ ചിന്തിക്കുന്നവർക്കും സന്തോഷിക്കാം.**

ചിലരുണ്ട് കാരണമില്ലാതെ പേടിക്കുന്നവർ ചില ദുരന്തങ്ങളെല്ലാം തന്റെ ജീവിതത്തിൽ വന്നുപെട്ടാലോ എന്നു ഭയപ്പെടുന്നവർ. ബസിൽ പോകുമ്പോൾ ഓരോ ഗട്ടറും കാണുമ്പോൾ ഞെട്ടുകയും, വളവു തിരിവുകൾ വരുമ്പോൾ ഭയപ്പെടുകയും ബസുചരിയുമ്പോൾ നെഞ്ചിടിപ്പു കൂട്ടുകയും ചെയ്യുന്നവർ. അവർ വിചാരിക്കുന്നതിങ്ങനെയാണ്. ഈ ഡ്രൈവർ എങ്ങനെ ബസ് അവിടെയെത്തിക്കും. റോഡിൽ ഗട്ടറുണ്ട്, റോഡിൽ വളവുണ്ട്, വണ്ടിചരിയുന്നുണ്ട്, ദൈവമേ പേടിയാകുന്നു. ഇങ്ങനെയുള്ളവർ സദാ ശ്രദ്ധിക്കുന്നത് ഡ്രൈവറേയും വണ്ടിയേയുമാണ്. അവനവനെ ശ്രദ്ധിക്കുന്നില്ല. യാത്രയിൽ പേടിയായിരിക്കും ഇവർക്ക് എങ്ങനെ സന്തോഷിക്കാൻ കഴിയും?

ബസ് ഓടിക്കേണ്ട ഉത്തരവാദിത്തം ഡ്രൈവർക്കാണ്. ആ പ്രവർത്തിയെ ഓർത്ത് ആകുലപ്പെടാതെ നന്നായി പിടിച്ചു നിൽക്കുക., പിടിച്ച് ഇരിക്കുക ബസ് എങ്ങനെ വളവു തിരിയുമെന്നും എങ്ങനെ ഗട്ടറിൽ വീഴാതെ പോകുമെന്നും ഡ്രൈവർ ശ്രദ്ധിച്ചുകൊള്ളും.

ഇതുപോല ഈ ലോകത്ത് ജീവിക്കുമ്പോൾ ദുഃഖം വരുമോ, ദുരിതം വരുമോ എന്നൊക്കെ ചിന്തിക്കാതെ, ഈ ലോകത്തെ നയിക്കുന്ന ദൈവമെന്ന ഡ്രൈവറെ വിശ്വസിക്കുക. അവൻ എത്തേണ്ടിടത്ത് നമ്മെ എത്തിച്ചിരിക്കും.

അതെങ്ങനെ സാധിക്കും....................

നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണ്. നമ്മുടെ കടമകൾ, കർത്തവ്യങ്ങൾ ചെയ്യുന്നതിന് ദൈവത്തിന്റെ ശക്തിയെ കൂട്ടിനു വിളിക്കണം. കഴിഞ്ഞ ലക്കം പരീക്ഷയെപ്പറ്റി പറഞ്ഞുവല്ലോ. ദൈവത്തിൽ പൂർണമായും വിശ്വാസമർപ്പിക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഓരോ നിമിഷവും താൻ കൃപയിലാണെന്ന് വിശ്വസിക്കണം. കൃപ ദാനമാണ്, ദാനം ലഭിച്ചതാണ്, ഔദാര്യമാണ്. തന്റെ മഹത്വത്തിന് അവിടെ സ്ഥാനമില്ല. നമ്മൾ ചെയ്ത കാര്യങ്ങൾ പരിഗണിക്കാതെ ദൈവം നൽകിയ ഏറ്റവും വലിയ ദാനമാണ് കൃപ. ആ കൃപയിലാണ് തന്റെ ഓരോ നിമിഷവും. അല്ലാതെ തന്റെ കഴിവോ മിടുക്കോ, ബുദ്ധിയോ, അറിവോ ഒന്നും കൊണ്ടല്ല താൻ ജീവിക്കുന്നത്. ഇങ്ങനെ നിരന്തരം ചിന്തിക്കുകയും കൃപയെ ഓർത്തി നന്ദി പറയുകയും അവിടുത്തെ ശക്തിയിൽ വിശ്വസിക്കുകയും ചെയ്തുകൊണ്ട് ഓരോ ദിവസവും പ്രവർത്തനങ്ങളിൽ ഏർപ്പെടുക, തീർച്ചയായും ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് കുഞ്ഞുങ്ങളെ നിങ്ങളിലേക്ക് സന്തോഷത്തിന്റെ തീർത്ഥം പ്രവഹിക്കും തീർച്ച.

**ക്രിസ്തുയേശുവിൽ സന്തോഷം കണ്ടെത്തുന്നതിന് '7' വഴികൾ**

1. നമുക്കു ചുറ്റുമുള്ളവർ നമ്മുടെയത്രയും മിടുക്കരല്ല, ഉയർന്നവരല്ല, ബുദ്ധിയുള്ളവരല്ല സമ്പത്തുള്ളവരല്ല, ഭംഗിയുള്ളവരല്ല; മഹാപാപികളാണ്,വൃത്തിഹീനരാണ്, അവിശ്വാസികളാണ്, ദുർമാർഗികളാണ് എങ്കിലും അവരെ സ്നേഹിക്കുക, പരിഗണിക്കുക.

2. നമ്മൾ നന്മചെയ്യുമ്പോൾ പലപ്പോഴും വിമർശനങ്ങൾ എതിർപ്പുകൾ ഉണ്ടാകാം. കൂട്ടുകാരോ, നാട്ടുകാരോ, അദ്ധ്യാപകരോ ഒക്കെ ചിലപ്പോൾ നമ്മുടെ നല്ലകാര്യങ്ങൾ കാണാതെ വരാം. എങ്കിലും നമ്മുടെ നന്മപ്രവൃത്തികൾ അവസാനിപ്പിക്കരുത്.

3. നമ്മൾ വിജയിക്കുമ്പോൾ, മോശം വാക്കുകളും, നല്ല വാക്കുകളും ലഭിക്കും. ചിലപ്പോൾ ചിലർ നമ്മളെ വെറുക്കും. ചിലർ നമ്മുടെ വിജയത്തിൽ അസൂയാലുക്കളാകും. എങ്കിലും ദൈവത്തിന്റെയൊപ്പം വിജയിക്കും ഇനിയും എന്നു വിശ്വസിക്കുക.

4. നമ്മൾ മനുഷ്യർക്കും, ലോകത്തിനും ചെയ്യുന്ന പല നന്മകളും പിന്നീട് ആരും ഓർക്കും എന്നു വിചാരിക്കരുത്. ചിലപ്പോൾ അതെല്ലാം ആളുകൾ മറന്നെന്നുവരും. എങ്കിലും നന്മ ചെയ്യണം.

5. പാവപ്പെട്ടവരെ ശ്രദ്ധിക്കുന്നവർ കുറവാണ്. പാവങ്ങളുടെ കൂടെ ജീവിക്കുന്നവർക്ക് ചിലപ്പോൾ വലിയ വലിയ കാര്യങ്ങളൊന്നും കിട്ടീ എന്നു വരില്ല. എങ്കിലും നിങ്ങൾക്കൊപ്പം പാവപ്പെട്ട കുട്ടികളുണ്ടെങ്കിൽ അവരെ പരിഗണിക്കുന്ന കാര്യം മറക്കരുത്.

6. നിങ്ങൾക്കു ലഭിച്ചിട്ടുള്ള നന്മയെല്ലാം കൂട്ടുകാരുടെ വിജയത്തിനും ഉയർച്ചക്കുമായി പ്രയോജനപ്പെടുത്തുക. അപ്പോൾ നിങ്ങൾക്കു വേദനയുണ്ടാകുന്ന അനുഭവങ്ങൾ ലഭിക്കും. എങ്കിലും കൂടെയുള്ളവർക്കായി ആ നന്മകൾ ഉപയോഗിക്കുക.

7. എപ്പോഴും ഉത്സാഹത്തോടെ (സന്തോഷത്തോടെ) പ്രവർത്തിക്കുക. ഉത്സാഹത്തോടെ പ്രവർത്തിക്കുന്നവരെ ദൈവം സഹായിക്കും. അങ്ങനെയുള്ളവരിൽ ഉത്സാഹം വർദ്ധിക്കും. വിജയം ഉണ്ടാകും. പരാജയം സംഭവിക്കുമ്പോഴും ഉത്സാഹിച്ചുകൊണ്ടിരിക്കുക.

REG NO. 337/14/15/ AL-86 TC III
MONTHLY MALAYALAM
REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month

LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

**6-ാം പേജിന്റെ തുടർച്ച...**

ബ്രജ്‌ലാൽ എന്നീ വ്യക്തികൾ സഹോ. ദേവാസിംഗ് ഭലാവിയുടെ ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെട്ടു. ജഗൽടോലയിലെ ലീലാബായി, സാലിവാഡയിലെ പവൻ കുമാർ എന്നീ വ്യക്തികൾക്ക് പ്രാർത്ഥനയിലൂടെ രോഗസൗഖ്യം ലഭിക്കുകയും രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരികയും ചെയ്തു. വൈജയന്തി, രാജ്കുമാരി, ജിതേന്ദ്ര, ധനശ്യാം, സമർവതി, അമീർചന്ദ് എന്നീ വ്യക്തികൾ സഹോ. ദേവാസിംഗ് ഭലാവിയുടെ കൈക്കീഴിൽ ജലസ്നാനം സ്വീകരിച്ചു.

പലവിധത്തിലുള്ള എതിർപ്പുകളും പ്രതികൂല സാഹചര്യങ്ങളും നിലനിൽക്കുന്ന സ്ഥലങ്ങളിൽ അവടെ തൃണവൽഗണിച്ചുകൊണ്ട് ദൈവരാജ്യ വിസ്തൃയ്ക്കായി അദ്ധ്വാനിക്കുന്ന പ്രിയ സഹോദരന്റെ പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കാം. കൂടാതെ സഹോ. ദേവാസിംഗ് ഭലാവിയുടെ പ്രവർത്തനത്തിലൂടെ വിശ്വാസത്തിലേക്ക് കടന്നുവരുടെ ആത്മീക വർദ്ധനവിനായും പ്രാർത്ഥിക്കാം.




**ക്രിസ്തുവിനോട് ചേരുവാൻ:** *ഗോരഖ്പൂർ മിഷൻ ഫീൽഡിൽ നടന്ന സ്നാന ശുശ്രൂഷയും അതോടൊപ്പം നടന്ന കൂട്ടായ്മയിലെ ദൃശ്യവും.*


# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

**റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ**



**സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ**



**ഗ്രെയ്സ് ഫെസ്റ്റുകൾ**




**ക്രിസ്തുകൃപ ആശ്രമങ്ങൾ**



**ഹാപ്പി ഫാമിലി മിഷൻ**



**സി. ഡി / കാസറ്റ് മിനിസ്ട്രി**




**മാസിക പ്രവർത്തനങ്ങൾ**




**സൗജന്യ വിദ്യാഭ്യാസ പരിപാടികൾ**



**മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)